# പുതിയനിയമ പഠനസഹായി

**റ്റി. കെ. ഏബ്രഹാം**

**ഗ്രെയ്സ് ബൈബിൾ കറസ്പോണ്ടൻസ് കോഴ്സ്**
**ന്യൂ ടെസ്റ്റമെന്റ് കമന്ററി**
പി.ബി. നമ്പർ 8, ഏറ്റുമാനൂർ- 686 631, കേരള, ഇന്ത്യ

# ആമുഖം

മനുഷ്യജീവിതത്തോടു ബന്ധമുള്ള അമൂല്യ ആത്മീയ സത്യങ്ങൾ വെളിപ്പെടുത്തുന്ന ഗ്രന്ഥമാകുന്നു പുതിയനിയമം. യേശുക്രിസ്തുവിൽ അധിഷ്ഠിതമായ രക്ഷാമാർഗ്ഗം അതു വെളിപ്പെടുത്തുന്നു. ക്രിസ്തുമാർഗ്ഗം ഉപദേശിക്കുന്ന ആത്മീയവും സാന്മാർഗ്ഗികവും ധാർമ്മികവും ചരിത്രപരവുമായ സത്യങ്ങൾ ഗ്രഹിക്കുവാൻ പുതിയനിയമം പഠിക്കേണ്ടത് ഒഴിച്ചുകൂടാത്ത ആവശ്യം ആകുന്നു. മാറ്റങ്ങൾകൊണ്ടു നിറഞ്ഞ ലോകത്തിൽ പുതിയ നിയമ സത്യങ്ങൾ മാറാത്ത സത്യങ്ങളായി പ്രശോഭിക്കുന്നു. സത്യാന്വേഷികൾ ക്കുള്ള ഉത്തരം അതിൽ കണ്ടെത്താവുന്നതാണ്. സത്യത്തിനു സാക്ഷി നിൽ ക്കുവാൻ വന്ന ക്രിസ്തുവാണ് പുതിയനിയമത്തിലെ കേന്ദ്രവിഷയം. സത്യത്തിന്റെ പരിജ്ഞാനം ലഭിക്കുവാൻ ആഗ്രഹിക്കുന്നവർ ഈ ദിവ്യഗ്രന്ഥം പഠിക്കണം.

ജി.ബി.സി.സിയുടെ പ്രാഥമിക പാഠങ്ങൾ പഠിച്ചവരുടെ ഉപരി പഠനാർത്ഥം തയ്യാറാക്കിയിട്ടുള്ളതാണ് 'പുതിയനിയമ പഠനസഹായി' എന്ന കമന്ററി. അടിസ്ഥാന ഉപദേശസത്യങ്ങൾക്കും പ്രായോഗിക ജീവിത ഉപദേശങ്ങൾക്കും പ്രാധാന്യം നൽകുന്ന ഒരു ഗ്രന്ഥമാകുന്നു ഇത്. ലളിതമായ ഭാഷയിൽ ഈ കമന്ററി എഴുതുവാൻ ആവോളം ശ്രദ്ധിച്ചിട്ടുണ്ട്. പുതുതായി രക്ഷിക്കപ്പെട്ട വിശ്വാസികളുടെ ആത്മീയ അഭിവൃദ്ധിയെ ലക്ഷ്യമാക്കിയാണ് ഇത് രചിച്ചിട്ടുള്ളത്. ഗ്രന്ഥരചനയ്ക്കു മലയാളഭാഷയിലും ഇംഗ്ലീഷിലുമുള്ള അനേകം വിലപ്പെട്ട ഗ്രന്ഥങ്ങൾ സഹായകരമായി തീർന്നിട്ടുണ്ട്. അനേക വർഷത്തെ വചനപഠനവും ഈ ഗ്രന്ഥം രചിക്കുവാൻ എനിക്കു പ്രേരണ നൽകി. ഈ ഗ്രന്ഥം വായനക്കാർക്ക് ആത്മീയ അഭിവൃദ്ധിക്കു കാരണമാകട്ടെ എന്നു പ്രാർത്ഥിക്കുന്നു. പാഠങ്ങൾ വായിക്കുന്നതിനു മുൻപ് ഓരോ അദ്ധ്യായവും വായിക്കുവാൻ ശ്രദ്ധിക്കുമല്ലോ.

ഈ ഗ്രന്ഥത്തിന്റെ പ്രൂഫു നോക്കി സഹായിച്ച സഹോദരൻ ജോൺസൺ കുളങ്ങരയോടും, ഇതിന്റെ അച്ചടി സംബന്ധമായ ഉത്തരവാദി ത്വങ്ങൾ വഹിച്ച എബനേസർ പ്രിന്റേഴ്സിനോടുമുള്ള നന്ദി രേഖപ്പെടുത്തിക്കൊള്ളുന്നു.

അല്പമാം ഉപകരണംകൊണ്ടു മഹത്തായ വേലകൾ ചെയ്യുന്ന കർത്താവ് ഈ പഠനസഹായി മുഖാന്തരം അനേകർക്ക് മാർഗ്ഗദീപവും അനുഗ്രഹങ്ങളും പ്രദാനംചെയ്യട്ടെ എന്നുള്ള പ്രാർത്ഥനയോടെ ഈ ഗ്രന്ഥം കർത്തൃപാദത്തിൽ സമർപ്പിച്ചുകൊള്ളുന്നു.

ക്രിസ്തുവിൽ സഹോദരൻ,

**റ്റി. കെ. ഏബ്രഹാം**

# അവതാരിക

"ആരും ബൈബിൾ വായിക്കരുത്"- പ്രസിദ്ധനായൊരു ക്രൈസ്തവനേതാവിന്റെ വാക്കുകളാണ് ഇതെന്നറിയുമ്പോൾ നമ്മുടെ ഞെട്ടലിന് ആക്കം കൂടും. പക്ഷെ ബാക്കി കൂടെ കേൾക്കൂ - "ബൈബിൾ വായിച്ചു മാറ്റിവെക്കാനുള്ള ഗ്രന്ഥമല്ല പഠിച്ച് ഹൃദിസ്ഥമാക്കാനുള്ള ദൈവവചനമാണ്."

"ഞാൻ വരുവോളം വായന, പ്രബോധനം, ഉപദേശം എന്നിവയിൽ ശ്രദ്ധിച്ചിരിക്ക" എന്നു സുവിശേഷകനായ തിമൊഥെയൊസിനോട് പിതൃസ്ഥാനീയനായ പൗലൊസ് ഓർമ്മിപ്പിക്കുന്നു. ഈ വായന, പ്രബോധനത്തിനും ഉപദേശത്തിനും വേണ്ടിയുള്ളതാണ്. വെറുതെ ഒരു ദിനചര്യയായി വായിക്കുക എന്ന അർത്ഥത്തിലല്ല. വചനം നിരന്തരം വായിക്കുന്നവർക്കു മാത്രമേ അതിലെ ആത്മീയ സത്യങ്ങൾ വെളിപ്പെട്ടു കിട്ടുകയുള്ളൂ. അപ്പോൾ മാത്രമേ മറ്റുള്ളവരെ പ്രബോധിപ്പിക്കാനും ഉപദേശിക്കാനും കഴിയൂ.

"എസ്രാപുരോഹിതൻ പുരുഷന്മാരും സ്ത്രീകളും കേട്ടു ഗ്രഹിക്കാൻ പ്രാപ്തിയുള്ള എല്ലാവരുമായ സഭയുടെ മുമ്പാകെ ന്യായപ്രമാണം കൊണ്ടുവന്നു. നീർവ്വാതി ലിനെതിരെയുള്ള വിശാല സ്ഥലത്തുവെച്ച് രാവിലെ തുടങ്ങി ഉച്ചവരെ പുരുഷന്മാരും സ്ത്രീകളും ഗ്രഹിക്കാൻ പ്രാപ്തിയുള്ള എല്ലാവരും കേൾക്കെ ന്യായപ്രമാണപുസ്തകം വായിച്ചു. സർവ്വജനവും ശ്രദ്ധിച്ചു കേട്ടു... ജനം താന്താന്റെ നിലയിൽ തന്നെ നിന്നി രിക്കെ യേശുവ, ബാനി... എന്നിവരും ലേവ്യരും ജനത്തിന് ന്യായപ്രമാണത്തെ പൊരുൾ തിരിച്ചു കൊടുത്തു. ഇങ്ങനെ അവർ ദൈവത്തിന്റെ ന്യായപ്രമാണപുസ്തകം തെളിവായി വായിച്ചു കേൾപ്പിക്കുകയും വായിച്ചതു ഗ്രഹിപ്പാൻ തക്കവണ്ണം അർത്ഥം പറഞ്ഞുകൊടുക്കുകയും ചെയ്തു" (നെഹെ. 8:2, 3, 7, 8).

"ഒരുത്തൻ പൊരുൾ തിരിച്ചു തരാതിരുന്നാൽ എങ്ങനെ ഗ്രഹിക്കും?" എന്ന എത്യോപ്യ രാജ്ഞിയുടെ ഷണ്ഡന്റെ ചോദ്യം ഇവിടെ ചിന്തനീയമാണ്. പിസിദ്യാ ദേശത്തിലെ അന്ത്യൊക്ക്യയിൽ പള്ളിയിൽ വെച്ച് കർത്താവിന്റെ ക്രൂശുമരണത്തെ പരാമർശിച്ച് പ്രസംഗിക്കുന്ന പൗലൊസിന്റെ വാക്കുകൾ ശ്രദ്ധിച്ചാൽ അന്നത്തെ യെഹൂദന്മാർക്കു പറ്റിയ പരാജയത്തിന്റെ കാരണം വ്യക്തമാണ്. "യെരൂശലേം നിവാസികളും അവരുടെ പ്രമാണികളും അവനെയോ ശബ്ബത്തുതോറും വായിച്ചു വരുന്ന പ്രവാചകന്മാരുടെ വചനങ്ങളെയോ തിരിച്ചറിയാതെ അവനെ ശിക്ഷയ്ക്കു വിധിച്ചു" (പ്രവൃ. 13:27).

ശബ്ബത്തിൽ നസറെത്തിലെ പള്ളിയിൽ ചെന്ന് യെശയ്യാ പ്രവാചകന്റെ പുസ്തക ത്തിലെ ഒരു ഭാഗം വായിച്ച കർത്താവ് ഇങ്ങനെ പൊരുൾ തിരിച്ചുകൊടുത്തു: "ഇന്ന് നിങ്ങൾ എന്റെ വചനം കേൾക്കയിൽ ഈ തിരുവെഴുത്തിന് നിവൃത്തി വന്നിരി

ക്കുന്നു" (ലൂക്കൊ. 4:21). തുടർന്നുണ്ടായ സംഭവവികാസങ്ങൾ നമുക്ക് അറിവുള്ളതാണല്ലോ.

വചനം ലിഖിതരൂപത്തിൽ ലഭ്യമായ കാലം മുതലേ തന്നെ അത് വായിച്ചു കേൾപ്പിക്കുകയും പൊരുൾ തിരിച്ചു കൊടുക്കുകയും ചെയ്യുന്ന പതിവുണ്ടായിരുന്നു. അതു ശരിയായി പഠിച്ചു മനസ്സിലാക്കാത്തതിനാൽ ഉണ്ടായ തിക്താനുഭവങ്ങളെ കുറിച്ചും നാം വായിച്ചു. ഫലകരമായ ക്രിസ്തീയ ജീവിതത്തിനും ദൈവസാമീപ്യം അനുഭവിച്ചറിയുന്നതിനും വചനപഠനം അത്യന്താപേക്ഷിതമാണ്.

സമയം വിലപ്പെട്ടതാണ്. ഇന്നത്തേതിൽനിന്ന് അല്പം നാളത്തേക്ക് മാറ്റിവെക്കാനോ നാളത്തേതിൽനിന്ന് അഡ്വാൻസായി ഇന്നേക്ക് അല്പം എടുക്കാനോ, വായ്പ വാങ്ങാനോ വായ്പ കൊടുക്കാനോ കഴിയാത്ത അമൂല്യ സ്വത്താണ് സമയം. കാളവണ്ടിക്കു പകരം കാറും പ്ലെയിനും, അരകല്ലിന്റെ സ്ഥാനത്ത് ഗ്രൈന്ററും മിക്സിയും, അലക്കുകല്ലിനോട് മല്ലടിച്ചവർക്ക് വാഷിങ് മെഷിനും, അഞ്ചലോട്ടക്കാരന്റെ ഡ്യൂട്ടി ഈമെയിലും ഇന്റർനെറ്റും മൊബൈലും ഏറ്റെടുത്തിട്ടും പക്ഷെ മനുഷ്യന് ഒന്നിനും സമയമില്ല. തിരക്കോട് തിരക്കാണവന്. വീണുകിട്ടുന്ന ഇടവേളകൾ വേണ്ടവിധം പ്രയോജനപ്പെടുത്താനും സാധിക്കുന്നില്ല. ഈ പശ്ചാത്തലത്തിൽ ആണ് ബ്ര. റ്റി. കെ. ഏബ്രഹാമിന്റെ 'പുതിയനിയമ പഠനസഹായി' എന്ന ഗ്രന്ഥം വിലപ്പെട്ടതായി തീരുന്നത്. ബൈബിൾ സ്കൂളിലോ സെമിനാരിയിലോ പോയി പഠിക്കാൻ കഴിയാത്തവർക്ക് ബൈബിളിനെപ്പറ്റി ഒരു സാമാന്യജ്ഞാനം ആർജ്ജിക്കുവാൻ ഈ പുസ്തകം സഹായകമായിരിക്കും. ബൈബിൾ കയ്യിലെടുത്താൽ ഉറക്കം വരുന്നത് വായിക്കുന്നത് മനസ്സിലാവുന്നില്ല എന്നതിന്റെ സൂചന കൂടിയാണ്. ഒരു പുസ്തകം മനസ്സിലാക്കി വായിക്കുമ്പോൾ മനസ്സുണർന്നിരിക്കും.

പുതിയനിയമം - 27 പുസ്തകങ്ങളും - വളരെ ലളിതമായി പൊരുൾ തിരിച്ചു തരികയാണ് ഗ്രന്ഥകാരൻ ചെയ്തിരിക്കുന്നത്. ഓരോ പുസ്തകത്തിനും മുഖവുര, ചരിത്രപശ്ചാത്തലം, ലക്ഷ്യം, വിഷയവിഭജനം ഇവ കൊടുത്തിരിക്കുന്നു. നാലോ അഞ്ചോ വാക്കുകളിലൊതുങ്ങുന്ന വാചകങ്ങൾ, ലളിതമായ ഭാഷ, ഏതു സാധാരണക്കാരനും പരാശ്രയമില്ലാതെ വായിച്ചു മനസ്സിലാക്കാവുന്ന അവതരണശൈലി. അദ്ധ്യായങ്ങൾ, സംഭവങ്ങൾ, വിഷയങ്ങൾ, വ്യക്തികൾ എന്നിങ്ങനെ തരംതിരിച്ചുള്ള പഠനരീതി നവാഗതർക്കു മാത്രമല്ല സഭാശുശ്രൂഷകന്മാർക്കും പ്രയോജനപ്പെടും.

പ്രവചനവിഷയവീക്ഷണങ്ങളിൽ വ്യക്തിപരമായി ചില വിയോജിപ്പുകൾ ഉണ്ടെങ്കിലും തന്റെ ദീർഘവർഷങ്ങളിലെ കഠിനാദ്ധ്വാനവും പ്രാർത്ഥനയും ഏറെക്കുറെ ഫലവത്തായിട്ടുണ്ട്. കുമ്പനാട് ബൈബിൾ സ്കൂളിന്റെ പ്രാരംഭകാല പ്രവർത്തകരിൽ മുൻനിരക്കാരൻ, സുവിശേഷകൻ, വേദാദ്ധ്യാപകൻ, ഗ്രന്ഥരചയിതാവ്, പരിഭാഷകൻ എന്നീ നിലകളിൽ കഴിഞ്ഞ തലമുറയിൽ പ്രശസ്തനായിരുന്ന ബ്ര. റ്റി. എ. കുര്യന്റെ മകനായ റ്റി. കെ. ഏബ്രഹാം ഭക്തിമാർഗ്ഗത്തിൽ പിതാവിന്റെ പാത തന്നെ പിന്തുടരാനാണാഗ്രഹിക്കുന്നത്. ബൈബിൾ സ്കൂൾ അദ്ധ്യാപകൻ എന്ന നിലയിൽ ബ്ര. റ്റി. കെ. യുടെ ശിഷ്യനായിരിക്കാനും എനിക്കവസരം കൈവന്നിട്ടുണ്ട്. കേരളത്തിൽ അറിയപ്പെടുന്ന പല ബൈബിൾ കറസ്പോണ്ടൻസ് കോഴ്സുകളുടെയും ടെക്സ്റ്റ് ബുക്കുകൾ ഇദ്ദേഹത്തിന്റെ രചനകളാണ്. ഈ കോഴ്സുകളിലൂടെ കർത്താവിനെ രക്ഷിതാവായി സ്വീകരിച്ചവരും നിരവധിയാണ്.

അതിനാൽ ഈ 'പുതിയനിയമ പഠനസഹായി'യും അനേകർക്ക് ആത്മികാഭിവൃദ്ധിക്കും അനുഗ്രഹങ്ങൾക്കും വഴിയൊരുക്കും എന്ന ദൃഢവിശ്വാസത്തോടെ, ഇനിയും ഇത്തരം രചനകൾ തന്റെ തൂലികത്തുമ്പിൽനിന്നുരുത്തിരിയട്ടെയെന്ന പ്രാർത്ഥനയോടെ ഈ കൃതി സജ്ജനസമക്ഷം സസന്തോഷം അവതരിപ്പിക്കുന്നു.

അങ്കമാലി
24-10-06

**ജോൺസൺ കുളങ്ങര** (Evng.)

# മുഖവുര

ബൈബിൾ ദൈവവചനമാകുന്നു. ദിവ്യസത്യങ്ങളുടെ സമാഹാരമാണിത്. അതു വിശ്വസിക്കുകയും അനുസരിക്കുകയും ചെയ്യുന്നവർ ആത്മസന്തോഷവും സമാധാനവും പ്രത്യാശയും ഉള്ളവർ ആകും. ദൈവം ആരാണെന്നും മനുഷ്യനും ദൈവവുമായി എങ്ങനെ ബന്ധപ്പെടാമെന്നും ബൈ ബിൾ വ്യക്തമാക്കുന്നു. അതിലെ കേന്ദ്രബിന്ദു ക്രിസ്തുവാണ്. മാറ്റങ്ങൾ കൊണ്ടു നിറഞ്ഞ ലോകത്തിൽ മാറാത്ത സത്യമായി ബൈബിൾ ഇരിക്കുന്നു. ഈ ദിവ്യഗ്രന്ഥത്തിൽ ദൈവത്തിന്റെ മനസ്സ്, മനുഷ്യസ്ഥിതി, രക്ഷയ്ക്കുള്ള മാർഗ്ഗം, പാപിയുടെ നാശം, വിശ്വാസികളുടെ സൗഭാഗ്യം എന്നിവ രേഖപ്പെടുത്തിയിരിക്കുന്നു. ഇതിലെ ഉപദേശങ്ങൾ വിശുദ്ധമാണ്, പ്രമാണങ്ങൾ ലളിതമാണ്, ചരിത്രം സത്യമാണ്. ബൈബിൾ ഒരു ദിവ്യലൈബ്രറി ആകുന്നു. ഇതിൽ 66 പുസ്തകങ്ങളുണ്ട്. പഴയനിയമം, പുതിയനിയമം എന്നിങ്ങനെ രണ്ടായി വിഭജിച്ചിരിക്കുന്നു. പഴയനിയമത്തിൽ 39 പുസ്തകങ്ങളും പുതിയനിയമത്തിൽ 27 പുസ്തകങ്ങളും അടങ്ങിയിരിക്കുന്നു. നാല്പതോളം എഴുത്തുകാർ 1600 വർഷങ്ങൾകൊണ്ട് രചിച്ചിട്ടുള്ളതാണ് ബൈബിൾ. അതിലെ ആലോചനകൾ മനുഷ്യന്റെ ബുദ്ധിമൂശയിൽ രൂപംകൊണ്ടതല്ല. ദൈവകല്പനയാൽ മനുഷ്യർ പരിശുദ്ധാത്മനിയോഗം പ്രാപിച്ചിട്ട് രചിച്ചിട്ടുള്ള തത്രെ. ആത്മരക്ഷയ്ക്കും വിശുദ്ധജീവിതത്തിനും ശക്തി നൽകുന്ന ദൈവവചനം വായിക്കുകയും ധ്യാനിക്കുകയും അനുസരിക്കുകയും ചെയ്യുന്നവർ ഭാഗ്യവാന്മാർ ആകുന്നു.

### പഴയ നിയമം

ക്രിസ്തുവിനുമുമ്പുള്ള ഏകദേശം നാലായിരം വർഷങ്ങളിലെ മാനവചരിത്രമാണ് 39 പുസ്തകങ്ങൾ അടങ്ങിയ പഴയനിയമം. ദൈവം സകലവും സൃഷ്ടിച്ചു എന്ന സത്യം ബൈബിൾ വെളിപ്പെടുത്തുന്നു. ഈ ഭൂമിയിൽ

ജാതികൾ, വംശങ്ങൾ, രാജ്യങ്ങൾ, സംസ്കാരങ്ങൾ, പരിഷ്കാരങ്ങൾ എന്നിവയെല്ലാം എങ്ങനെയുണ്ടായി എന്ന് പഴയനിയമത്തിൽ കാണാം. മനുഷ്യനോട് എങ്ങനെ ദൈവം ബന്ധപ്പെടാൻ ആഗ്രഹിക്കുന്നു എന്നറിയുവാൻ ബൈബിൾ പഠിക്കണം. ദൈവത്തിന്റെ കല്പനകൾ വെളിപ്പെടുത്തുന്ന ഈ ദിവ്യഗ്രന്ഥം അവന്റെ സ്വഭാവം മനുഷ്യനു വരച്ചുകാണിക്കുന്നു. ദൈവത്തെ സ്നേഹിക്കുകയും അനുസരിക്കുകയും ചെയ്ത വ്യക്തികൾക്കും രാജ്യങ്ങൾ ക്കും ഉണ്ടായ അനുഗ്രഹങ്ങൾ ബൈബിളിൽ കാണാം. അതുപോലെ തന്നെ അവനെ നിരാകരിച്ചവർക്ക് ഉണ്ടായ ന്യായവിധിയും ബൈബിൾ വെളിപ്പെടു ത്തുന്നു. പഴയനിയമത്തെ, ന്യായപ്രമാണം, പ്രവാചകപുസ്തകങ്ങൾ, സങ്കീർ ത്തനങ്ങൾ എന്നിങ്ങനെയാണ് ക്രിസ്തു വിഭജിച്ചിട്ടുള്ളത് (ലൂക്കൊ. 24:44). നമ്മുടെ പഠനത്തിനു സഹായകരമായി ബൈബിളിനെ എട്ടായി വിഭജിക്കാം.

### 1. ന്യായപ്രമാണ പുസ്തകങ്ങൾ

ഉല്പത്തി മുതൽ ആവർത്തനം വരെയുള്ള അഞ്ചു പുസ്തകങ്ങൾ; പഞ്ചഗ്രന്ഥങ്ങൾ എന്ന് ഇവ അറിയപ്പെടുന്നു. മോശെയാണ് ഗ്രന്ഥകാരൻ. ഉല്പത്തി സകലത്തിന്റെയും ആരംഭം വിവരിക്കുന്നു. യെഹൂദാജാതിയുടെ ആരംഭം നാം ഉല്പത്തിയിൽ കാണുന്നുണ്ട്. അവർ ഈജിപ്റ്റിൽ അടിമകളായി കഴിയേണ്ടിവന്നു. ദൈവം അവരെ അടിമത്തത്തിൽനിന്നും വിടുവിക്കുന്ന ചരിത്രമത്രെ പുറപ്പാടുപുസ്തകം. അവർ ദൈവത്തെ ആരാധിക്കുവാനും സേവിക്കുവാനും ആവശ്യമായ കല്പനകൾ ലേവ്യാപുസ്തകം നൽകുന്നു. സംഖ്യാപുസ്തകം യിസ്രായേലിന്റെ മരുപ്രയാണ ചരിത്രമാണ്. ആവർത്തനപുസ്തകത്തിൽ മോശെയുടെ അന്ത്യവാക്കുകൾ കാണാം. ദൈവം യിസ്രായേലിനെ വിടുവിക്കുകയും പരിപാലിക്കുകയും ചെയ്ത വിധങ്ങൾ വിവരിച്ചശേഷം അവരെ പുനഃപ്രതിഷ്ഠയ്ക്ക് ആഹ്വാനം ചെയ്യുന്നു.

### 2. ചരിത്ര പുസ്തകങ്ങൾ

യോശുവ മുതൽ എസ്ഥേർ വരെയുള്ള പുസ്തകങ്ങൾ യിസ്രായേൽ കനാൻദേശം കൈവശപ്പെടുത്തുന്നതും തുടർന്ന് ന്യായാധിപന്മാരും രാജാക്കന്മാരും അവരെ ഭരിക്കുന്നതുമായ ചരിത്രവിവരണം ആകുന്നു. അവർ ദൈവകല്പനകൾ അനുസരിക്കാഞ്ഞതിനാൽ പ്രവാസത്തിലേക്ക് പോകേണ്ടിവന്നു. അനുതപിച്ച് ദൈവത്തിങ്കലേക്ക് ജനം മടങ്ങിവരികയും എസ്രാ, നെഹെമ്യാവ് എന്നിവരുടെ നേതൃത്വത്തിൽ കനാൻദേശത്തേക്ക് മടങ്ങിവരികയും ചെയ്തു.

### 3. കാവ്യ പുസ്തകങ്ങൾ

ഇയ്യോബ് മുതൽ ഉത്തമഗീതം വരെയുള്ള അഞ്ചു പുസ്തകങ്ങൾ കവിതകളാണ്. സങ്കീർത്തനങ്ങളിൽ പകുതിയോളം ദാവീദ് രചിച്ചതാണ്. കഷ്ടതകളിൽ സഹിഷ്ണുത ഉള്ളവരാകണം എന്ന പാഠം ഇയ്യോബിൽ കാണാം. സങ്കീർത്തനങ്ങൾ യിസ്രായേലിന്റെ സ്തുതിഗീതങ്ങളാണ്. ഉത്തമ ഗീതത്തിൽ നിഷ്കളങ്കസ്നേഹത്തിന്റെ ചിത്രം കാണാം. സദൃശവാക്യങ്ങളും സഭാപ്രസംഗിയും വിജ്ഞാനഗ്രന്ഥങ്ങൾ ആകുന്നു. ഉത്തമഗീതം, സദൃശവാക്യങ്ങൾ, സഭാപ്രസംഗി എന്നിവ ശലോമോൻ രചിച്ചുവെന്ന് കരുതപ്പെടുന്നു.

### 4. പ്രവചന പുസ്തകങ്ങൾ

യെശയ്യാവ് മുതൽ മലാഖി വരെയുള്ള പുസ്തകങ്ങളാണ് അവ. അവയെ വലിയ പ്രവാചകന്മാർ, ചെറിയ പ്രവാചകന്മാർ എന്നിങ്ങനെ രണ്ടായി വിഭജിക്കാം. ഇവ പ്രവാചകന്മാരുടെ വലിപ്പച്ചെറുപ്പത്തെയല്ല കാണിക്കുന്നത്. പ്രത്യുത അവർ എഴുതിയ പുസ്തകങ്ങളുടെ വലിപ്പച്ചെറുപ്പത്തെ കുറിക്കുന്നു. ചെറിയ പ്രവാചകരുടെ പുസ്തകങ്ങൾ ഹോശേയ മുതൽ മലാഖി വരെയാണ്. ദൈവം പ്രവാചകരിലൂടെയാണ് അരുളിച്ചെയ്തിരുന്നത്. ആ ആലോചനകൾ ഇക്കാലത്തും പ്രസക്തമാണ്. “മുന്നെഴുതിയിരിക്കുന്നതൊക്കെയും നമ്മുടെ ഉപദേശത്തിനായിട്ട്, നമുക്ക് തിരുവെഴുത്തുകളാൽ ഉളവാകുന്ന സ്ഥിരതയാലും ആശ്വാസത്താലും പ്രത്യാശ ഉണ്ടാകേണ്ടതിന് തന്നെ എഴുതിയിരിക്കുന്നു” (റോമർ 15:4).

### 5. സുവിശേഷങ്ങൾ

മത്തായി മുതൽ യോഹന്നാൻ വരെയുള്ള നാലു പുസ്തകങ്ങൾ ആണിവ. ക്രിസ്തുവിന്റെ ജീവചരിത്രം സംക്ഷിപ്തമായി സുവിശേഷങ്ങളിൽ കാണാം. ക്രിസ്തുവിന്റെ ജനനം, ജീവിതം, പരസ്യശുശ്രൂഷ, മരണം, പുനരുത്ഥാനം, സ്വർഗ്ഗാരോഹണം എന്നീ വസ്തുതകൾ സുവിശേഷങ്ങളിൽ കാണാം.

### 6. അപ്പൊസ്തലന്മാരുടെ പ്രവൃത്തികൾ

ഇത് ആദിമസഭയുടെ ചരിത്രമാകുന്നു. ക്രിസ്തുവിന്റെ ജീവിതത്തെയും സഭയുടെ വളർച്ചയെയും തമ്മിൽ ബന്ധിപ്പിക്കുന്ന ഒരു കണ്ണിയായി ഈ പുസ്തകമിരിക്കുന്നു. ലേഖനങ്ങൾ മനസ്സിലാക്കുവാൻ ഈ പുസ്തകപഠനം ഒഴിച്ചുകൂടാത്തതാണ്. പെന്തക്കൊസ്തിൽ സഭ ആരംഭിച്ച് റോമിൽ പൗലൊസ് തടവുകാരനാകുന്നതുവരെയുള്ള ചരിത്രമാണ് അപ്പൊസ്തല പ്രവൃത്തികൾ.

### 7. ലേഖനങ്ങൾ

റോമർ മുതൽ യൂദാ വരെയുള്ള 21 പുസ്തകങ്ങളാണിവ. ഉപദേശഗ്രന്ഥങ്ങൾ എന്നും ഇവ അറിയപ്പെടുന്നു.

ലേഖനങ്ങൾ ക്രിസ്തീയ ജീവിത ത്തിന് ആവശ്യമായ ഉപദേശങ്ങളും പ്രായോഗിക നിർദ്ദേശങ്ങളും നൽകുന്നു. പതിമൂന്നോളം ലേഖനങ്ങൾ പൗലൊസിന്റേതാണ്.

### 8. വെളിപ്പാട് പുസ്തകം

പുതിയനിയമത്തിലെ പ്രവചനപുസ്തകം ആകുന്നു ഇത്. ക്രിസ്തുവിനെ മഹത്വസമ്പൂർണ്ണനായി ഇവിടെ കാണാം. വിശ്വാസികൾക്ക് മുന്നറിയിപ്പും പ്രത്യാശയും നൽകുന്ന ഗ്രന്ഥമാണിത്. ദൈവത്തിന്റെ സർവ്വാധികാരം, ക്രിസ്തുവിന്റെ തിരിച്ചുവരവ്, ലോകത്തിനുണ്ടാകുവാൻ പോകുന്ന ന്യായവിധി, ദൈവജനം വിശ്വസ്തരാകുവാനുള്ള ആഹ്വാനം, അവരുടെ ഭാഗ്യകരമായ പ്രത്യാശ എന്നീ വിഷയങ്ങൾ വെളിപ്പാടുപുസ്തകത്തിൽ കാണാം.

### ബൈബിളിലെ കേന്ദ്രവിഷയം

ബൈബിളിലെ കേന്ദ്രബിന്ദു ക്രിസ്തുവാകുന്നു. പഴയനിയമം വരുവാനുള്ള നന്മകളുടെ നിഴൽ മാത്രമാണ്. ക്രിസ്തുവിനെക്കുറിച്ചുള്ള പ്രവചനങ്ങൾ പഴയനിയമത്തിൽ കാണാം. ക്രിസ്തുവിന്റെ പ്രതിരൂപങ്ങൾ പഴയനിയമത്തിൽ ധാരാളമായിട്ടുണ്ട്. ക്രിസ്തു ഈ സത്യം യെഹൂദമതഭക്തന്മാരോടു പ്രസ്താവിച്ചതായി കാണാം. “നിങ്ങൾ തിരുവെഴുത്തുകളെ ശോധന ചെയ്യുന്നു; അവയിൽ നിങ്ങൾക്കു നിത്യജീവനുണ്ട് എന്നു നിങ്ങൾ നിരൂപിക്കുന്നുവല്ലോ; അവ എനിക്കു സാക്ഷ്യം പറയുന്നു” (യോഹ. 5:39). അതുപോലെ തന്നെ ഉയിർത്തെഴുന്നേറ്റ കർത്താവ് തന്റെ അരുമശിഷ്യന്മാരോട് അരുളിച്ചെയ്തതും ശ്രദ്ധേയമത്രെ: “മോശെ തുടങ്ങി സകല പ്രവാചകന്മാരിൽനിന്നും എല്ലാ തിരുവെഴുത്തുകളിലും തന്നെക്കുറിച്ചുള്ളത് അവർക്കു വ്യാഖ്യാനിച്ചു കൊടുത്തു” (ലൂക്കൊ. 24:27,44).

### ക്രിസ്തു ബൈബിളിലെ പുസ്തകങ്ങളിൽ

1. ഉല്പത്തിയിൽ അവൻ സ്ത്രീയുടെ സന്തതിയാണ് (3:15).
2. പുറപ്പാടിൽ അവൻ പെസഹ കുഞ്ഞാടാണ് (12:1-14).
3. ലേവ്യാപുസ്തകത്തിൽ അവൻ പ്രായശ്ചിത്തയാഗമാണ് (17:11).
4. സംഖ്യാപുസ്തകത്തിൽ അവൻ താമ്രസർപ്പമാണ് (21:8,9).
5. ആവർത്തനപുസ്തകത്തിൽ അവൻ വാഗ്ദത്തം ചെയ്യപ്പെട്ട പ്രവാചകനാണ് (18:15).
6. യോശുവയിൽ അവൻ യഹോവയുടെ സൈന്യത്തലവനാകുന്നു (5:13-15).
7. ന്യായാധിപന്മാരിൽ അവൻ നമ്മുടെ രക്ഷകൻ.
8. രൂത്തിൽ അവൻ വീണ്ടെടുപ്പുകാരൻ.
9. 1, 2 ശമൂവേൽ, 1, 2 രാജാക്കന്മാർ, 1, 2 ദിനവൃത്താന്തങ്ങളിൽ അവൻ വാഗ്ദത്തരാജാവാണ്.
10. എസ്രാ, നെഹെമ്യാവിൽ അവൻ നമ്മുടെ ഉദ്ധാരകൻ.
11. എസ്ഥേറിൽ അവൻ നമ്മുടെ വക്കീൽ അഥവാ വാദിക്കുന്ന കാര്യസ്ഥൻ ആകുന്നു.
12. ഇയ്യോബിൽ അവൻ വീണ്ടെടുപ്പുകാരനാണ് (19:25).
13. സങ്കീർത്തനങ്ങളിൽ അവൻ നമുക്ക് സകലത്തിനും സകലവും ആകുന്നു.
14. സദൃശവാക്യങ്ങളിൽ അവൻ നമുക്ക് മാതൃകാപുരുഷനാണ്.
15. സഭാപ്രസംഗിയിൽ അവൻ നമ്മുടെ ലക്ഷ്യമാണ്.
16. ഉത്തമഗീതത്തിൽ അവൻ നമ്മുടെ പ്രിയനാണ്.
17. പ്രവചനങ്ങളിൽ (യെശയ്യാവ് - മലാഖി) അവൻ വരുവാനുള്ള സമാധാന പ്രഭു ആകുന്നു.
18. മത്തായിയുടെ സുവിശേഷത്തിൽ അവൻ രാജാവാണ്.
19. മർക്കൊസിൽ അവൻ ഉത്തമദാസനാണ്.
20. ലൂക്കൊസിൽ അവൻ മനുഷ്യപുത്രനാണ്.
21. യോഹന്നാനിൽ അവൻ ദൈവപുത്രനാണ്.
22. അപ്പൊസ്തലപ്രവൃത്തിയിൽ അവൻ പുനരുത്ഥാനം ചെയ്തവനും സഭയെ പണിയുന്നവനുമാകുന്നു.
23. ലേഖനങ്ങളിൽ അവൻ വിശ്വാസികളിൽ വസിക്കുന്നവനാണ്.
24. വെളിപ്പാടിൽ അവൻ വീണ്ടും വരുന്ന രാജാവാകുന്നു.

ബൈബിളിൽ ആദിയോടന്തം ക്രിസ്തുവിനെ വെളിപ്പെടുത്തിയിരിക്കുന്നു. ക്രിസ്തുവിനെ ദൈവപുത്രനായി അംഗീകരിക്കുവാനായിട്ടത്രെ അവനെ നമുക്ക് വെളിപ്പെടുത്തിയിട്ടുള്ളത്. നമ്മുടെ വ്യക്തിപരമായ ജീവിതം ക്രിസ്തുവിനു സമർപ്പിക്കപ്പെട്ടതായിരിക്കണം. അവനെക്കുറിച്ചുള്ള അറിവു മാത്രം നമ്മെ രക്ഷിക്കുകയില്ല. യേശുക്രിസ്തുവിനെ വിശ്വാസത്താൽ സ്വന്തരക്ഷിതാവായി സ്വീകരിക്കുമ്പോൾ നാം ദൈവമക്കൾ ആകുന്നു. ക്രിസ്തു വിനെ വെളിപ്പെടുത്തുന്ന ഈ ദിവ്യഗ്രന്ഥം നമ്മുടെ പ്രമോദമായിത്തീരണം. അതിലെ ആലോചനകൾ നമുക്ക് ബുദ്ധി ഉപദേശം നൽകുന്നതാണ്. അതു വായിച്ചു ധ്യാനിക്കുന്നവർക്ക് ആത്മസമാധാനവും സന്തോഷവും പ്രത്യാ ശയും ഉള്ളവർ ആകുവാൻ കഴിയും. അതിനു സർവ്വേശ്വരൻ നമ്മെ സഹായിക്കട്ടെ.

## പുതിയ നിയമം

ബൈബിൾ ദൈവിക വെളിപ്പാടാകുന്നു. മനുഷ്യവർഗ്ഗത്തിനുവേണ്ടി ദൈവം യേശുക്രിസ്തുവിൽ ഒരുക്കിയിട്ടുള്ള രക്ഷയാണ് അതിലെ വിഷയം. ബൈബിളിനെ പഴയനിയമം, പുതിയനിയമം എന്നിങ്ങനെ രണ്ടായി വിഭജിച്ചിരിക്കുന്നു. പഴയനിയമത്തിൽ ന്യായപ്രമാണമാണ് മുഖ്യവിഷയം. പുതിയനിയമം, പ്രവചനപുരുഷനായ ക്രിസ്തുവിനെ ചരിത്രപുരുഷനായി വെളിപ്പെടുത്തുന്നു. പഴയനിയമത്തിൽ ആരംഭിച്ച ദൈവിക വെളിപ്പാടുകൾ പുതിയനിയമത്തിൽ അവസാനിക്കുന്നു.

## സുവിശേഷങ്ങൾ

പുതിയനിയമത്തിൽ നാലു സുവിശേഷങ്ങൾ കാണാം. ക്രിസ്തുവിന്റെ ആളത്വത്തിൽ അന്തർലീനമായിരിക്കുന്ന ദിവ്യരഹസ്യങ്ങളും ഉപദേശങ്ങളും അത്ഭുതപ്രവൃത്തികളും സുവിശേഷങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നു. സ്നേഹവാനായ ദൈവം പാപിയായ മനുഷ്യനുവേണ്ടി യേശുക്രിസ്തുവിൽ കൂടി ഒരുക്കിയിട്ടുള്ള രക്ഷയുടെ സന്തോഷവാർത്തയാകുന്നു സുവിശേഷങ്ങൾ. സകല മനുഷ്യരുടെയും ജീവിതലക്ഷ്യം നിർണ്ണയിക്കപ്പെടുന്നത് സുവിശേഷത്തോടുള്ള അവരുടെ വ്യക്തിപരമായ ബന്ധമാകുന്നു (യോഹ. 3:36). ക്രിസ്തു പാപികളുടെ ഏകരക്ഷകനാണ് (പ്രവൃ. 4:12; 1 തിമൊ. 2:5,6). യേശു എന്ന പേരിന്റെ അർത്ഥം രക്ഷകൻ എന്നാണ് (മത്താ. 1:21). സുവിശേഷങ്ങളിൽ 89 അദ്ധ്യായങ്ങൾ ഉണ്ട്. അതിൽ ക്രിസ്തുവിന്റെ 30 വയസ്സുവരെയുള്ള ചരിത്രം വിവരിക്കുവാൻ നാലോളം അദ്ധ്യായങ്ങൾ മാത്രമേയെടുത്തിട്ടുള്ളൂ. എന്നാൽ ക്രിസ്തുവിന്റെ മരണപുനരുത്ഥാനങ്ങൾ വിശദമാക്കുവാൻ പതിനേഴോളം അദ്ധ്യായങ്ങൾ എടുത്തിരിക്കുന്നു. ശേഷം അദ്ധ്യായങ്ങളിൽ ക്രിസ്തുവിന്റെ പരസ്യശുശ്രൂഷയോടു ബന്ധപ്പെട്ട ചരിത്രം കാണാവുന്നതാണ്.

## ക്രിസ്തുവിനെക്കുറിച്ചുള്ള തെറ്റിദ്ധാരണകൾ

ക്രിസ്തുവിനെ ഒരു മതസ്ഥാപകനും പ്രവാചകനും ഗുരുവും നല്ല മനുഷ്യനുമായി അംഗീകരിക്കുന്നവർ ധാരാളമുണ്ട്. എന്നാൽ ബൈബിൾ ക്രിസ്തുവിനു നൽകുന്ന മുഖ്യസ്ഥാനം അവൻ ദൈവപുത്രനാകുന്നു എന്നതത്രെ (യോഹ. 20:31). ക്രിസ്തുവിനെ ദൈവപുത്രനായ രക്ഷിതാവായി സ്വീകരിക്കുന്നവർക്കു മാത്രമേ രക്ഷിക്കപ്പെടുവാൻ കഴിയുകയുള്ളൂ (യോഹ. 1:12,13). അവന്റെ ജീവിതം നമ്മുടെ മാതൃക ആയിരിക്കണം. അപ്പോൾ നമുക്ക് ക്രിസ്തുവിനെ ലോകത്തിനു വെളിപ്പെടുത്തുന്ന അവന്റെ ശിഷ്യന്മാർ ആകുവാൻ കഴിയും (1 പത്രൊ. 2:21). ക്രിസ്തുവിന്റെ മരണപുനരുത്ഥാനവും ജീവിതവും തുല്യപ്രാധാന്യമുള്ള വിഷയങ്ങളാകുന്നു. അവന്റെ ആളത്വമാഹാത്മ്യമാകുന്നു അവന്റെ മരണപുനരുത്ഥാനത്തിന്റെ നിസ്തുല്യ മഹിമ വ്യക്തമാക്കുന്നത്.

പുതിയനിയമത്തിലെ ആദ്യത്തെ മൂന്നു സുവിശേഷങ്ങളെ സമവീക്ഷണ സുവിശേഷങ്ങൾ എന്നു വിളിക്കുന്നു. ക്രിസ്തുവിന്റെ ജീവചരിത്ര ത്തിന്റെ സംക്ഷിപ്ത വിവരണം ആണ് അതിലുള്ളത്. യോഹന്നാന്റെ സുവി ശേഷം ക്രിസ്തുവിന്റെ ആളത്വമാഹാത്മ്യം വ്യക്തമാക്കുന്നു. ക്രിസ്തു ചെയ്ത അത്ഭുതപ്രവൃത്തികൾ വ്യക്തമാക്കിക്കൊണ്ട് അവൻ ദൈവപുത്രൻ ആണെന്ന് തെളിയിക്കുന്ന സുവിശേഷമാണിത്.

*********

# അപ്പൊസ്തലനായ പൗലൊസ്
# ഗലാത്യർക്ക് എഴുതിയ ലേഖനം

### മുഖവുര

ക്രിസ്തീയ സ്വാതന്ത്ര്യത്തിന്റെ മാഗ്ന കാർട്ട എന്ന പേരിൽ അറിയപ്പെടുന്ന ലേഖനമാണ് ഗലാത്യർ. ഇതു പൗലൊസിന്റെ ഒരു ലേഖനമാണ്. സിറിയയിലെ അന്ത്യൊക്യയിൽ വെച്ച് എ.ഡി. 49-ൽ ഇത് എഴുതി എന്ന് അഭിപ്രായപ്പെടുന്നു. പൗലൊസും ബർന്നബാസും അവരുടെ ഒന്നാം മിഷ്യനറി യാത്ര യിൽ ദക്ഷിണഗലാത്യയിലുള്ള സഭകൾ സ്ഥാപിച്ചു (പ്രവൃ. 13:14-14:26). അത് ഒരു റോമൻ പ്രവിശ്യയായിരുന്നു. ഇക്കാലത്ത് ഒരു കൂട്ടം യെഹൂദ ക്രിസ്ത്യാനികൾ കടന്നുവന്നു ജാതികളിൽനിന്നും രക്ഷിക്കപ്പെട്ടവരായ വിശ്വാസികൾ പരിച്ഛേദന ഏറ്റു ന്യായപ്രമാണം അനുസരിക്കുന്നവരാകുവാൻ സ്വാധീനിച്ചു. കൃപയാലുള്ള രക്ഷ എന്ന സുവിശേഷത്തോടു ന്യായപ്രമാണവും കൂട്ടിക്കലർത്തി. അങ്ങനെ ക്രിസ്തുവിലുള്ള സ്വാതന്ത്ര്യത്തെ നഷ്ടപ്പെടുത്തുന്ന സാഹചര്യം സംജാതമായി. ഇതറിഞ്ഞ അപ്പൊസ്തലൻ ഹൃദയഭാരത്തോടെ ഗലാത്യരുടെ ബുദ്ധിഹീനതയെ ശക്തമായ ഭാഷയിൽ ശാസിച്ചുകൊണ്ട് എഴുതിയ ലേഖനമാണ് ഇത്. ഗലാത്യയിലെ സഭകളെ മൊത്തത്തിൽ സംബോധന ചെയ്യുന്ന ലേഖനം കൂടിയാണ് ഇത്.

ഈ ലേഖനത്തിൽ രക്ഷ കൃപയാലാകുന്നു എന്നു വിശദീകരിച്ചു സ്ഥാപിക്കുന്നു. അപ്പൊസ്തലന്റെ അധികാരം വ്യക്തമാക്കിക്കൊണ്ടു ലേഖനം ആരംഭിക്കുന്നു. ന്യായപ്രമാണത്തിന്റെ ബലഹീനതയും ക്രിസ്തുയേശുവിലുള്ള രക്ഷയിൽക്കൂടി ലഭിക്കുന്ന ആത്മീയ സ്വാതന്ത്ര്യത്തിന്റെ ശ്രേഷ്ഠതയും പ്രസ്താവിക്കുന്ന ലേഖനമാണ് ഇത്. ന്യായപ്രമാണം അനുസരിച്ച് ആർക്കും രക്ഷിക്കപ്പെടാവുന്നതല്ല. ന്യായപ്രമാണം പാപബോധം മാത്രം നൽകുന്നു. ക്രിസ്തുവിലുള്ള വിശ്വാസം മൂലം പാപമോചനവും നിത്യരക്ഷയും ലഭിക്കുന്നു. ക്രിസ്തീയ സ്വാതന്ത്ര്യം പാപംചെയ്യുവാനുള്ള ലൈ സൻസല്ല. പ്രത്യുത ആത്മാവിൽ നിറഞ്ഞ് നീതിഫലങ്ങൾ പുറപ്പെടുവിക്കുന്ന ജീവിതം നയിക്കുവാനുള്ള പദവിയാണ്. അതുകൊണ്ട് ഗലാത്യരെ കൃപയാലുള്ള രക്ഷയിൽ സന്തോഷിക്കുവാനും ആത്മീയ സ്വാതന്ത്ര്യത്തിൽ നിലനിൽക്കുവാനും ആഹ്വാനം ചെയ്യുന്ന ലേഖനമാണ് ഇത്.

### ലേഖന വിഭജനം

1. ആമുഖവും ലേഖനം എഴുതുവാനുണ്ടായ സാഹചര്യവും (1:1-9)
   അപ്പൊസ്തലിക അധികാരവും വെളിപ്പാടും (1:10-17)
   സഭയുടെ അംഗീകരണം (1:18-24)
   അപ്പൊസ്തലന്മാരുടെ അംഗീകരണം (2:1-10)
   പത്രൊസിനെ ശാസിക്കുന്നു (2:11-21)
2. ക്രിസ്തീയ സ്വാതന്ത്ര്യം (3:1-4:31)
   സ്വാതന്ത്ര്യത്തിനായുള്ള ആഹ്വാനം (3:1-7)
   സ്വാതന്ത്ര്യത്തെ ന്യായീകരിക്കുന്നു (3:8-29)
   സ്വാതന്ത്ര്യത്തെക്കുറിച്ചുള്ള വിശദീകരണം (4:1-31)
3. പ്രായോഗിക ജീവിതത്തിനുള്ള പ്രബോധനം (5:1-6:18)
   വിശ്വാസത്താൽ മാത്രം നീതീകരിക്കപ്പെടുന്നു (5:1-15)
   ആത്മാവിന്റെ ഫലങ്ങൾ (5:16-26)
   ആത്മിക ജീവിതത്തിന്റെ പ്രവർത്തനമേഖല (6:1-18)

## അദ്ധ്യായം 1

### മുഖവുര (1:1-5)

പൗലൊസു തന്റെ അപ്പൊസ്തലത്വം ക്രിസ്തുവിൽനിന്നും സ്വീകരിച്ചു എന്നുള്ള പ്രസ്താവനയോടെയാണ് ലേഖനം ആരംഭിക്കുന്നത്. ജാതികളിൽനിന്നും ക്രിസ്തുവിശ്വാസത്തിലേക്കു വന്നവരായിരുന്നു ഗലാത്യർ. അവർ പൗലൊസിൽനിന്നും ഉപദേശങ്ങൾ സ്വീകരിക്കയും അനുസരിക്കയും ചെയ്തിരുന്നു. പൗലൊസിന്റെ അസാന്നിദ്ധ്യത്തിൽ യെഹൂദമതത്തിൽനിന്നും ക്രിസ്തുമാർഗ്ഗത്തിൽ വന്നവരും ന്യായപ്രമാണതല്പരരുമായ യെഹൂദക്രിസ്ത്യാനികൾ ഗലാത്യയിൽ വന്നു. അവർ യെരൂശലേമിൽനിന്നും അപ്പൊ സ്തലന്മാരുടെ അധികാരത്തോടെ വന്നവരാണെന്ന് അവകാശപ്പെട്ടു. ക്രിസ്തുവിൽ വിശ്വസിക്ക മാത്രമല്ല ന്യായപ്രമാണം അനുസരിക്കയും ചെയ്യുന്നവർ മാത്രമേ രക്ഷിക്കപ്പെടുകയുള്ളൂ എന്ന പുതിയ ഉപദേശം അവർ പ്രസംഗിച്ചു. പൗലൊസ് ഒരു അപ്പൊസ്തലൻ അല്ല; അവൻ യെരൂശലേമിലെ അപ്പൊസ്തലന്മാരാൽ ആക്കിവെക്കപ്പെട്ടവനല്ല എന്നും ആരോപിച്ചു. അതുകൊണ്ട് അവന്റെ ഉപദേശം സ്വീകരിക്കരുതെന്നു ഗലാത്യരെ ഉപദേശിച്ചു. ഗലാത്യർ തൽഫലമായി ഉപദേശത്തിലും ജീവിതത്തിലും തെറ്റിപ്പോകുവാൻ ഇടയായി. അവരെ യഥാസ്ഥാനപ്പെടുത്തുവാൻ പൗലൊസു തന്റെ അപ്പൊസ്തലത്വം ദൈവ

ത്തിൽനിന്നും ലഭിച്ചതാണെന്നു ന്യായയുക്തം സ്ഥാപിക്കുന്നു. അതു യെരൂശലേമിലെ അപ്പൊസ്തലന്മാരിൽനിന്നും ലഭിച്ചതല്ല; ദൈവത്തിൽ നിന്നും തനിക്കു നേരിട്ടു ലഭിച്ചതാണ്. ദൈവദാസന്മാർ ദൈവവിളി കേട്ടവരും ദൈവത്താൽ നിയോഗിക്കപ്പെട്ടവരുമാണെന്നു ബോധമുള്ളവരായിരിക്കണം. പിതാവും പുത്രനും സമന്മാരാകുന്നു എന്ന സത്യവും ഇവിടെ വ്യക്തമാക്കിയിരിക്കുന്നു. ക്രിസ്തുവിന്റെ പുനരുത്ഥാനം അവന്റെ ദൈവത്വത്തിന്റെ തെളിവാണ് (റോമർ 1:5).

ഗലാത്യരെ വന്ദനം ചെയ്യുന്നതു മറ്റ് ആത്മീയ സഹോദരന്മാരെ ചേർത്തുകൊണ്ടാണ്. ഇതു പൗലൊസിന്റെ സഹോദരസ്നേഹത്തെ വ്യക്തമാക്കുന്നു. ജാതികൾ അന്യോന്യം അഭിവാദനം ചെയ്യുന്നതിന് ഉപയോഗിച്ചിരുന്ന വാക്കാണ് കൃപ. അനർഹമായ അനുഗ്രഹങ്ങൾ ദൈവത്തിൽനിന്നും പ്രാപിച്ച് ജീവിതം സന്തുഷ്ടമാകട്ടെ എന്നുള്ള ആശംസയാണ് ഇത്. യെഹൂദന്മാരുടെ അഭിവാദന വാക്കാണ് സമാധാനം. ഹൃദയത്തിനു സന്തോഷവും ശാന്തതയും ഉണ്ടാകട്ടെ എന്നു സാരം. ദൈവകൃപ ലഭിച്ചവർക്കു മാത്രമേ ദൈവസമാധാനം ലഭ്യമാകയുള്ളൂ. ജാതികളെയും യെഹൂദന്മാരെയും ബന്ധിപ്പിക്കുന്ന അഭിവാദനമാണ് ഇത്. ദൈവമാണ് കൃപയുടെയും സമാധാനത്തിന്റെയും ഉത്ഭവസ്ഥാനം. പാപിയായ മനുഷ്യൻ നിത്യന്യായവിധിക്കു യോഗ്യനാണ്. അവനെ രക്ഷിക്കുവാൻ ക്രിസ്തു മനുഷ്യനായി അവതരിച്ചു. അവന്റെ മരണം നമ്മെ ഈ ദുഷ്ടലോകത്തിൽനിന്നും വിടുവിക്കുവാനായിരുന്നു. ഈ ലോകം സാത്താന്റെ അധീനതയിൽ കഴിയുന്നു. ക്രിസ്തുവിനു മാത്രമേ അതിന്റെ സ്വാധീനതയിൽനിന്നും നമ്മെ വിടുവിക്കുവാൻ കഴിയൂ. അതിനായിട്ടാണ് ക്രിസ്തു തന്നെത്താൻ നമുക്കുവേണ്ടി ഏല്പിച്ചുകൊടുത്തത്. അവൻ നമ്മുടെ സ്തുതികൾക്ക് എന്നും യോഗ്യനാകുന്നു.

## ലേഖനം എഴുതുവാനുണ്ടായ സാഹചര്യം (1:6-9)

ഗലാത്യർ കൃപയുടെ സുവിശേഷം കേട്ടു രക്ഷിക്കപ്പെട്ടവരായിരുന്നു. പാപംചെയ്തു ദൈവത്തോടു ശത്രുക്കളായി കഴിഞ്ഞിരുന്ന മനുഷ്യവർഗ്ഗ ത്തെ രക്ഷിക്കുവാൻ ദൈവത്തിനു കടപ്പാടൊന്നും ഉണ്ടായിരുന്നില്ല. എന്നാൽ അവനു നമ്മോടു കൃപയും കരുണയും തോന്നി. നാം പാപത്തിൽ മരിച്ചു ശത്രുക്കളായി കഴിഞ്ഞിരുന്നപ്പോൾ സ്വന്തപുത്രനെ നൽകുവാൻ തക്കവണ്ണം ദൈവം നമ്മെ സ്നേഹിച്ചു (റോമർ 5:8). നമ്മുടെ നീതിപ്രവൃത്തികളാലല്ല തന്റെ കരുണയാൽ നമ്മെ രക്ഷിക്കുവാൻ പ്രസാദിച്ചു (തീത്തൊ. 3:5). അതാണ് കൃപയുടെ സുവിശേഷം.

ക്രിസ്തുവിന്റെ മരണംമൂലം സാധ്യമാക്കിയ കൃപയുടെ സുവിശേഷത്തോടു ന്യായപ്രമാണം കൂട്ടിക്കലർത്തുന്ന വേറൊരു സുവിശേഷം യെഹൂദ മതാനുസാരികൾ പ്രസംഗിച്ചു. അതു കേട്ടു ഗലാത്യർ വേറൊരു സുവിശേഷത്തിലേക്കു വശീകരിക്കപ്പെടുന്നതു കണ്ട് അപ്പൊസ്തലൻ ആശ്ചര്യപ്പെടുന്നു. അതു ദുരുപദേശമാണെന്നും അതിനാൽ വഞ്ചിക്കപ്പെടരുതെന്നും മുന്നറിയിപ്പു നൽകുന്ന ലേഖനമാണ് ഇത്. രക്ഷ കൃപയാൽ മാത്രമാകുന്നു. അതിനു ന്യായപ്രമാണം അനുസരിക്കേണ്ട ആവശ്യമില്ല. രക്ഷ ദൈവത്തിന്റെ ദാനം ആകുന്നു. വിശ്വാസത്താൽ സ്വന്തമാക്കേണ്ട ഒന്നാണ് രക്ഷ. അതും ദൈവത്തിന്റെ ദാനം ആകുന്നു (എഫെ. 2:8-10). രക്ഷിക്കപ്പെട്ടവർ സൽപ്രവൃത്തികൾ ചെയ്യുന്നവർ ആകണം. പ്രവൃത്തി രക്ഷിക്കപ്പെട്ടു എന്നുള്ളതിന്റെ തെളിവു മാത്രമാണ്. സൽപ്രവൃത്തികളാൽ രക്ഷിക്കപ്പെടാമായിരുന്നെങ്കിൽ ക്രിസ്തുവിന്റെ മരണം ആവശ്യമായിരുന്നില്ല. സുവിശേഷത്തോടു പാരമ്പര്യം, സൽപ്രവൃത്തികൾ എന്നിവ കലർത്തുന്നവർ ശപിക്കപ്പെട്ടവരാകുന്നു എന്നു ബൈബിൾ പ്രസ്താവിക്കുന്നു. അവരുടെ വഞ്ചനയിൽ വീണുപോകാതെ സൂക്ഷിക്കുവാൻ ദൈവവചനം ബുദ്ധിയുപദേശം നൽകുന്നു (2 പത്രൊ. 3:17). ഇത് അപ്പൊസ്തലൻ മുൻപു പ്രസ്താവിച്ചിട്ടുള്ളതും പിന്നെയും ഓർമ്മിപ്പിക്കുവാൻ ആവശ്യമുള്ളതുമായ മുന്നറിയിപ്പാകുന്നു. ദൈവദത്തമായ കൃപയുടെ സുവിശേഷത്തിനു വിപരീതമായി സ്വർഗ്ഗത്തിൽനിന്ന് ഒരു ദൂതൻ വന്നു പ്രസംഗിച്ചാലും അവൻ ശപിക്കപ്പെട്ടവനാകുന്നു. ഇവിടെ ദൈവവചനത്തോടു പുലർത്തേണ്ട വിശ്വസ്തതയുടെ പ്രാധാന്യം ചൂണ്ടിക്കാണിച്ചിരിക്കുന്നു.

## പൗലൊസിന്റെ അപ്പൊസ്തലിക അധികാരം (1:10-24)

പൗലൊസു ക്രിസ്തുവിന്റെ അടിമദാസനാകുന്നു. ഒരു അടിമ ആറു സംവത്സരം യജമാനനെ സേവിച്ചതിന്റെ ശേഷം ഏഴാം വർഷം സ്വതന്ത്രനായി പോകുവാൻ ന്യായപ്രമാണം അനുവദിച്ചിരുന്നു. എന്നാൽ ആ ദാസൻ യജമാനനോടുള്ള സ്നേഹം നിമിത്തം ജീവപര്യന്തം അവനെ സേവിക്കുവാൻ തീരുമാനിക്കുമ്പോൾ അടിമദാസനായിത്തീരുന്നു (പുറ. 21:2,5,6). അവൻ യജമാനനെ പ്രസാദിപ്പിക്കുന്നവൻ ആയിരിക്കും. മനുഷ്യരെ പ്രസാദിപ്പിക്കുവാൻ ചിലർ സുവിശേഷത്തോടു മായം കലർത്തിയിരുന്നു. അതിൽ ദൈവം പ്രസാദിച്ചിരുന്നില്ല.

താൻ യേശുക്രിസ്തുവിന്റെ അപ്പൊസ്തലൻ ആകുന്നു എന്ന് ഉറപ്പിക്കുവാൻ പൗലൊസ് തെളിവുകൾ നൽകുന്നു. അപ്പൊസ്തലൻ സുവിശേഷം പ്രസംഗിച്ചതിന്റെ ഫലമായി ഗലാത്യയിൽ സഭയുണ്ടായി. ആ സുവിശേഷം യെരൂശലേമിലെ അപ്പൊസ്തലന്മാരിൽനിന്നും പഠിച്ചതല്ല. അതു മനുഷ്യരുടെ ദൂതല്ല, പ്രത്യുത യേശുക്രിസ്തു വെളിപ്പെടുത്തിയതാകുന്നു (1 കൊരി. 15:1-5).

രണ്ടാമതായി താൻ പ്രസംഗിച്ച സുവിശേഷത്തോടു ന്യായപ്രമാണം കൂട്ടിക്കലർത്താത്തതു പൗലൊസിന്റെ അജ്ഞത മൂലമല്ല എന്നു പ്രസ്താവിക്കുന്നു. താൻ കറതീർന്ന യെഹൂദനും, തന്റെ പിതൃപാരമ്പര്യത്തിൽ എരിവേറിയവനും, ക്രിസ്തുവിന്റെ സഭയെ ഉപദ്രവിക്കുന്നവനുമായിരുന്നു (പ്രവൃ. 26:10,11). അത് ആത്മിക അജ്ഞതയിൽ ചെയ്തതായിരുന്നു. തന്നെ രക്ഷിച്ച സുവിശേഷം യെഹൂദമതത്തിൽനിന്നും വ്യത്യസ്തമായിരുന്നു. അതുകൊണ്ടു

കൃപയുടെ സുവിശേഷത്തോടു ന്യായപ്രമാണം കലർത്തിയില്ല.

മൂന്നാമതായി താൻ പ്രസംഗിച്ച സുവിശേഷം ക്രിസ്തുവിൽനിന്നും പ്രാപിച്ചതാണ്. യെരൂശലേമിലെ അപ്പൊസ്തലന്മാരുടെ അംഗീകാരത്തിനുശേഷം പ്രസംഗിച്ചതല്ല. അതിന് അവരുടെ അഭിപ്രായമോ അനുവാദമോ താൻ അന്വേഷിച്ചില്ല. ജാതികളോടു സുവിശേഷം അറിയിക്കുവാൻ ജനനം മുതൽ വേർതിരിക്കപ്പെട്ടവനായിരുന്നു പൗലൊസ്. അതിനായി ദമാസ്ക്ക സിനു സമീപമുള്ള റോഡിൽ വെച്ചു കൃപയാൽ ക്രിസ്തുവിനാൽ അവൻ പിടിക്കപ്പെട്ടു. ഒരിക്കൽ ശത്രുവായിരുന്ന പൗലൊസിനെ ക്രിസ്തുവിനെ പ്രസംഗിക്കുന്നവനാക്കുന്ന ദൈവകൃപ ഇന്നും അനേകർക്ക് ആശ്ചര്യവിഷയമാണ്. പൗലൊസു തുടർന്ന് അറേബ്യയിലേക്കു പോയി. അവിടെനിന്നും ദമാസ്ക്കസിൽ മടങ്ങിവന്ന് ക്രിസ്തുവിനെ സാക്ഷിച്ചു. കർത്താവിന്റെ ദിവ്യദർശനവും വിളിയും ലഭിച്ച അപ്പൊസ്തലനു യെരൂശലേമിലെ അപ്പൊസ്തലന്മാരുടെ അംഗീകാരം തേടേണ്ട ആവശ്യം ഉണ്ടായിരുന്നില്ല.

നാലാമതായി മൂന്നുവർഷങ്ങൾക്കുശേഷം പൗലൊസു യെരൂശലേമിലേക്കു പോയതു പത്രൊസിന്റെ സഖിത്വം സ്ഥാപിക്കേണ്ടതിനായിരുന്നു. അല്ലാതെ ആരുടേയും അംഗീകാരത്തിനുവേണ്ടി ആയിരുന്നില്ല. ആ സന്ദർഭത്തിൽ കർത്താവിന്റെ സഹോദരനായ യാക്കോബിനേയും കാണുവാൻ കഴിഞ്ഞിരുന്നു. ഈ സന്ദർശനം പതിനഞ്ചു ദിവസം മാത്രമേ ദീർഘിച്ചിരുന്നുള്ളു. തുടർന്ന് പൗലൊസു സുറിയാ, കിലിക്യ എന്നീ പ്രദേശങ്ങളിൽ വളരെ നാളു കൾ ക്രിസ്തുവിനെ സാക്ഷിച്ചു. യെരൂശലേമിലെ സഭയ്ക്കു താൻ മുഖപരിചയം ഉള്ളവനായിരുന്നില്ല. ക്രിസ്തുവിരോധിയായ പൗലൊസിൽ സംഭവിച്ച പരിവർത്തനം കേട്ട് അവർ ദൈവത്തെ മഹത്വപ്പെടുത്തി. ഇന്നും ക്രിസ്തു ജീവിതങ്ങളിൽ പരിവർത്തനം സൃഷ്ടിക്കുന്നവനാണ്. അവനെക്കുറിച്ചുള്ള ദർശനവും വിളിയും അതിന് ആവശ്യമാകുന്നു. അപ്പോൾ നാം വീണ്ടും ജനിച്ച് ദൈവമക്കളും അവന്റെ സാക്ഷികളും ആകും. താങ്കൾ ആ അനുഭവം ഉള്ളവനാണോ?

## അദ്ധ്യായം 2

### പൗലൊസിന്റെ യെരൂശലേം സന്ദർശനം (2:1-10)

പൗലൊസു ജാതികളുടെ ഇടയിൽ സുവിശേഷം അറിയിക്കുവാൻ നിയോഗിതനായിരുന്നു. പത്രൊസും മറ്റ് അപ്പൊസ്തലന്മാരും യെഹൂദന്മാരുടെ മദ്ധ്യത്തിൽ സുവിശേഷം അറിയിച്ചു. പ്രവൃത്തിയാലല്ല വിശ്വാസത്താലാണ് നീതീകരണം എന്ന സത്യം പൗലൊസു പ്രസംഗിച്ചു. എന്നാൽ യെഹൂദ മതാനുസാരികളായ നുഴഞ്ഞുകയറ്റക്കാർ ഗലാത്യരെ അതിൽനിന്നും തെറ്റിക്കുവാൻ പരിശ്രമിച്ചു. രക്ഷയ്ക്കു ക്രിസ്തുവിലുള്ള വിശ്വാസവും ന്യായപ്രമാണം അനുസരിക്കുകയും വേണമെന്ന് അവർ പഠിപ്പിച്ചു. പൗലൊസിനു ലഭിച്ച വെളിപ്പാടിനനുസരണമായി അവൻ ബർന്നബാസിനോടും തീത്തൊസിനോടും കൂടെ യെരൂശലേമിലേക്കു പോയി. അതു തന്റെ ആദ്യത്തെ സന്ദർശനത്തിനു പതിന്നാലു വർഷങ്ങൾക്കുശേഷം സംഭവിച്ചതാണ്. തന്റെ സന്ദർശനത്തിന്റെ ഉദ്ദേശം അപ്പൊസ്തലന്മാരുടെ ഉപദേശമോ അംഗീകാര മോ തേടാനായിരുന്നില്ല. വിശ്വാസത്താലുള്ള നീതീകരണം എന്നു താൻ പ്രസംഗിക്കുന്ന സുവിശേഷം അവരോട് അറിയിക്കുവാനായിരുന്നു ആ സന്ദർ ശനം. തീത്തൊസു യവനനായിരുന്നെങ്കിലും അവൻ പരിച്ഛേദന ഏൽക്കുവാൻ ആരും നിർബന്ധിച്ചില്ല. യെഹൂദമതാനുസാരികൾ അതിനായി നിർബ ന്ധിച്ചിരുന്നു. ഗലാത്യർ അനുഭവിക്കുന്ന ആത്മിക സ്വാതന്ത്ര്യത്തെ ഹനിക്കു വാൻ അവർ പരിശ്രമിച്ചിരുന്നു. പൗലൊസും സഹപ്രവർത്തകരും വിശ്വാസ ത്തിൽ ഉറച്ചുനിൽക്കുന്നവരായിരുന്നു. വിട്ടുവീഴ്ചയ്ക്ക് അവർ ഒരുങ്ങിയില്ല (2 തിമൊ. 4:7). മനുഷ്യരെ പ്രീതിപ്പെടുത്തുവാൻ ഉപദേശസത്യങ്ങൾ ബലികഴിക്കുന്നതു ശിക്ഷാർഹമാകുന്നു.

പൗലൊസിന് താൻ ക്രിസ്തുവിന്റെ അപ്പൊസ്തലനും കർത്താവിനോടു കണക്കുബോധിപ്പിക്കേണ്ടവനുമാണെന്നുള്ള ബോധം ഉണ്ടായിരുന്നു. താൻ മറ്റ് അപ്പൊസ്തലന്മാരിൽനിന്നും പഠിച്ചവനോ അവരാൽ ആക്കിവയ്ക്കപ്പെട്ടവനോ ആയിരുന്നില്ല. ദൈവവിളി ലഭിച്ചവർ അവനെ സേവിക്കുന്നവർ ആകണം. പൗലൊസു ജാതികളുടെ ഇടയിൽ സുവിശേഷം അറിയിച്ചു; പത്രൊസു യെഹൂദന്മാരുടെ ഇടയിലും. അവർ ദൈവദൃഷ്ടിയിൽ തുല്യരാണ്. തന്റെ എതിരാളികൾ പ്രചരിപ്പിച്ചതുപോലെ പൗലൊസ് ഒരു രണ്ടാംനിര അപ്പൊസ്തലൻ അല്ലായിരുന്നു എന്നു തെളിയുന്നു. കർത്താവു നൽകിയ ശുശ്രൂഷ അവൻ നൽകുന്ന പ്രാപ്തിക്കനുസരണമായി നാം ചെയ്യുന്നവർ ആകണം. മറ്റു ദൈവദാസന്മാരുടെ ശുശ്രൂഷയിൽ അസൂയപ്പെടുന്നതു പാപമാകുന്നു. യെരൂശലേമിലുള്ള അപ്പൊസ്തലന്മാർ പൗലൊസിനും കൂട്ടുപ്രവർത്തകർക്കും കൂട്ടായ്മയുടെ വലംകൈ കൊടുത്തു. കർത്താവ് അവരെ ഭരമേല്പിച്ചിട്ടുള്ള ശുശ്രൂഷയിൽ സഹകരിക്കുവാൻ അവർ മനസ്സുള്ളവർ ആയിരുന്നു. ദൈവദാസന്മാർ അന്യോന്യം സഹകരിച്ചു പ്രവർത്തിക്കേണ്ടവർ ആകുന്നു. ദരിദ്രരായ ദൈവമക്കളെ സഹായിക്കുന്നവരാകണം എന്നു പൗലൊസിനെ ഓർപ്പിച്ചിരുന്നു. യെരൂശലേമിലെ വിശ്വാസികൾ ദാരിദ്ര്യം അനുഭവിച്ചിരുന്നു. ജാതികളുടെ സഭകൾ അവരെ സഹായിക്കുവാൻ പൗലൊസു പ്രബോധിപ്പിച്ചു. ദൈവമക്കൾ തമ്മിലുള്ള ബന്ധത്തിനും സാക്ഷ്യത്തിനും അത് ഒഴിച്ചുകൂടാത്തതാകുന്നു.

### പൗലൊസു പത്രൊസിനെ ശാസിക്കുന്നു (2:11-21)

പത്രൊസ് അന്ത്യൊക്യയിൽ വന്നപ്പോൾ യെഹൂദ ക്രിസ്ത്യാനികളോടും യവന വിശ്വാസികളോടും കൂടെ സദ്യയിൽ സംബന്ധിച്ചിരുന്നു. അന്നു സ്നേഹസദ്യ ദൈവജനത്തിന്റെ മധ്യത്തിൽ ഉണ്ടായിരുന്നു. ഈ സന്ദർഭ

ത്തിൽ യെരൂശലേമിൽനിന്നും ചിലർ വന്നു ജാതികളായ വിശ്വാസികളോടുകൂടെ ഭക്ഷിക്കരുതെന്നു നിർബന്ധിച്ചു. തൽഫലമായി ബർന്നബാസടക്കം പലരും യെഹൂദ ക്രിസ്ത്യാനികളോടു മാത്രം സഹകരിക്കുന്നവരായി. പത്രൊസും അതിൽ പെട്ടിരുന്നു. പത്രൊസിന്റെ കപടം കണ്ടു തീക്ഷ്ണത നിറഞ്ഞ ഹൃദയത്തോടു പൗലൊസു പരസ്യമായി അവനെ ശാസിച്ചു. പൗലൊസു തെറ്റുകൾ ഗൗരവപൂർവ്വം യഥാവസരങ്ങളിൽ കൈകാര്യം ചെയ്യുവാൻ നിർബന്ധമുള്ളവനായിരുന്നു.

ജാതികളും യെഹൂദന്മാരും പാപികൾ ആണ്. അവർ ക്രിസ്തുവിലുള്ള വിശ്വാസത്താൽ മാത്രം നീതീകരിക്കപ്പെടുന്നു. അവരെ ക്രിസ്തുവിൽ നീതിമാന്മാരായി ദൈവം കാണുന്നു. അവർ പാപത്തിന്റെ ശിക്ഷാവിധിയിൽനിന്നും മോചിതരാണ് (റോമർ 8:1). ന്യായപ്രമാണത്തിന്റെ പ്രവൃത്തികളാൽ ആരും നീതീകരിക്കപ്പെടുകയില്ല (റോമർ 3:20). പാപികൾ രക്ഷിക്കപ്പെടുന്നത് കരുണ യാൽ മാത്രമാകുന്നു (തീത്തൊ. 3:5). ക്രിസ്തുവിൽ വിശ്വസിച്ചശേഷം പിന്നെയും ന്യായപ്രമാണത്തിലേക്കു തിരിയുന്നവർ അവനെ പാപത്തിന്റെ ശുശ്രൂഷകനാക്കുന്നു എന്ന് ആലങ്കാരിക ഭാഷയിൽ പ്രസ്താവിച്ചിരിക്കുന്നു. ക്രിസ്തുവിലുള്ള വിശ്വാസത്തോടു യാതൊന്നും നീതീകരണത്തിനു ചേർക്കേണ്ടതില്ല. താൻ അങ്ങനെ ചെയ്താൽ പിന്മാറ്റക്കാരനായിത്തീരും എന്നു പൗലൊസു ഭയപ്പെടുന്നു. ന്യായപ്രമാണത്തിനു കീഴിൽ പൗലൊസു തന്റെ പാപാവസ്ഥ മനസ്സിലാക്കി. ക്രിസ്തുവിലുള്ള വിശ്വാസം തനിക്കു പാപമോചനവും നീതീകരണവും നൽകി. ക്രിസ്തുവിൽ വിശ്വസിക്കുന്നവർ അവനോടുകൂടെ മരിച്ച് ഉയിർത്തെഴുന്നേൽക്കുന്നു. ന്യായപ്രമാണം മരണത്തിനു വിധിക്കുന്നു. ക്രിസ്തു ആ മരണം നമുക്കായി സഹിച്ചു. മരിച്ചശേഷം ബന്ധപ്പെടാൻ കഴിയുന്നതല്ല. അതുപോലെ നമുക്കും ക്രിസ്തുവിൽ വിശ്വസിച്ചശേഷം ന്യായപ്രമാണത്തോടു ബന്ധപ്പെടാൻ കഴിയുന്നതല്ല. ദൈവമക്കൾ ക്രിസ്തുവിൽ ആയിത്തീർന്നവരാണ്. അവരിൽ ക്രിസ്തുവിന്റെ ആത്മാവു വസിക്കുന്നു. നാം ക്രിസ്തുവാകുന്ന മുന്തിരിവള്ളിയിൽ വസിക്കുന്ന കൊമ്പുക ളാണ് (യോഹ. 15:1-5). അവനാണ് നമ്മുടെ ജീവൻ (കൊലൊ. 3:4). അവനെ കൂടാതെ നമുക്കു സ്വന്തശക്തികൊണ്ടു നീതീകരിക്കപ്പെടാവുന്നതല്ല. ക്രിസ്തു നമ്മിൽ ജീവിക്കുന്നു. ജഡത്താൽ നാം ജീവിക്കുന്നവർ ആകരുത്. നമ്മെ സ്നേഹിച്ചു നമുക്കായി യാഗമായിത്തീർന്ന ദൈവപുത്രനിലുള്ള വിശ്വാസത്താലാണ് നാം ജീവിക്കുന്നത്. ക്രിസ്തു ജീവിക്കുന്നതുകൊണ്ടു നാമും ജീവിക്കുന്നു. രക്ഷിക്കപ്പെട്ടവർ സ്വന്ത ഇഷ്ടപ്രകാരം ജീവിക്കുന്നവ രാകരുത്. ക്രിസ്തു നമ്മെ നിയന്ത്രിക്കുവാൻ നാം സമ്മതമുള്ളവരാകണം. അവനിലുള്ള വിശ്വാസത്തിലും ആശ്രയത്തിലും ജീവിക്കണം. ശിക്ഷയെ ഭയന്നല്ല പ്രത്യുത സ്വന്ത ജീവൻ തന്നു രക്ഷിച്ച കർത്താവിനോടുള്ള സ്നേഹ ത്താൽ ഭരിക്കപ്പെട്ടവരായി അവനെ അനുസരിക്കുന്ന ജീവിതം നമുക്കുണ്ടാകട്ടെ!

രക്ഷയ്ക്കു ന്യായപ്രമാണം കൂടി ആവശ്യമാണെങ്കിൽ നാം ദൈവകൃപയെ വ്യർത്ഥമാക്കുന്നു. രക്ഷ കൃപയാൽ എങ്കിൽ പ്രവൃത്തിയാലല്ല. അല്ലെങ്കിൽ കൃപ കൃപയല്ല (റോമർ 11:6). ന്യായപ്രമാണത്താൽ നീതി ലഭിക്കുമെങ്കിൽ ക്രിസ്തുവിന്റെ പ്രായശ്ചിത്തമരണം വെറുതെയായിരുന്നു. ന്യായപ്രമാണത്തിന്റെ പ്രവൃത്തിയാൽ മനുഷ്യനു നീതീകരിക്കപ്പെടുവാൻ കഴിയാ ത്തതുകൊണ്ട് ക്രിസ്തുവിന്റെ മരണം ആവശ്യമായി വന്നു. കൃപയുടെ സുവി ശേഷത്തോടു ന്യായപ്രമാണം കലർത്തുന്നവർ ക്രിസ്തുവിനെ പകുതി രക്ഷകനാക്കുന്നു. ഒന്നുകിൽ ക്രിസ്തു എല്ലാം ആകുന്നു അല്ലെങ്കിൽ അവൻ ഒന്നുമല്ല (കൊലൊ. 3:11).

## അദ്ധ്യായം 3

### സുവിശേഷത്തിന്റെ ശ്രേഷ്ഠത (3:1-9)

സുവിശേഷം ന്യായപ്രമാണത്തെക്കാൾ ശ്രേഷ്ഠമാകയാൽ ഗലാത്യർ അതിൽനിന്നും വ്യതിചലിച്ചതിൽ അപ്പൊസ്തലൻ ആശ്ചര്യപ്പെടുന്നു. ക്രിസ്തുവിന്റെ ക്രൂശുമരണത്തിൽക്കൂടിയുള്ള രക്ഷയോടു ന്യായപ്രമാണം കൂടി ചേർക്കുവാൻ യെഹൂദ ക്രിസ്ത്യാനികളാൽ അവർ വഞ്ചിക്കപ്പെട്ടു. അവരോടു പൗലൊസു ചോദിക്കുന്നത് അവർക്ക് എങ്ങനെ പരിശുദ്ധാത്മാവു ലഭിച്ചു? അതു ക്രിസ്തുവിൽ വിശ്വസിച്ചതിനാലോ ന്യായപ്രമാണം അനുസരിച്ചതുകൊണ്ടോ? ഗലാത്യർ ആത്മാവുകൊണ്ട് അവരുടെ ക്രിസ്തീയ ജീവിതം ആരംഭിച്ചു. അവർ രക്ഷിക്കപ്പെട്ടതു വിശ്വാസത്താലാണ്. അവരുടെ ഇടയിൽ വീര്യപ്രവൃത്തികൾ നടന്നതും ആത്മാവിനാലായിരുന്നു. രക്ഷിക്കപ്പെട്ടവർ പരിശുദ്ധാത്മാവുള്ളവരാണ് (റോമർ 8:9). ന്യായപ്രമാണത്താൽ ഈ അനുഗ്രഹങ്ങൾ ഒന്നും ലഭിക്കുന്നില്ല. ജഡം ബലഹീനമാണ്. അതു ദൈവത്തോടുള്ള ശത്രുതയിൽ കഴിയുന്നു (റോമർ 8:7,8). പ്രാകൃത മനുഷ്യനു ദൈവകൃപയാൽ മാത്രമേ രക്ഷിക്കപ്പെടുവാൻ കഴിയൂ. രക്ഷ ദൈവത്തിന്റെ ദാനം ആകുന്നു. യേശു വിശ്വാസത്തിന്റെ നായകനും പൂർത്തിവരുത്തുന്നവനു മാണ് (എബ്രാ. 12:2; ഫിലി. 1:4). ഗലാത്യർ കൃപയാൽ രക്ഷിക്കപ്പെട്ടവരും അതിനുവേണ്ടി ബഹുകഷ്ടം അനുഭവിച്ചവരുമാണ്. അവർ അനേകം കഷ്ടങ്ങളിൽക്കൂടി ദൈവരാജ്യത്തിൽ കടക്കേണ്ടവരാണെന്നു ബോധമുള്ളവരായിരുന്നു (പ്രവൃ. 14:22; 2 തിമൊ. 3:10-12). ഇതൊക്കെയും വെറുതെ ആയി രുന്നോ എന്ന് അപ്പൊസ്തലൻ ചോദിക്കുന്നു. പിൻമാറ്റക്കാരെക്കുറിച്ചുണ്ടായിരിക്കേണ്ട മനോഭാവം ഇവിടെ കാണാം.

രക്ഷ കൃപയാൽ വിശ്വാസം മൂലമാണെന്നു തെളിയിക്കുവാൻ പൗലൊസ് അബ്രഹാം നീതീകരിക്കപ്പെട്ട ചരിത്രം ഉദ്ധരിക്കുന്നു (ഉല്പ. 15:4-6; റോമർ 4:3; യാക്കോ. 2:23). അവൻ ദൈവത്തെ വിശ്വസിച്ചു നീതീകരിക്കപ്പെട്ടു. ദൈവം വാഗ്ദത്തം ചെയ്തതു നിവർത്തിക്കും എന്ന് ഉറച്ചു. അബ്രഹാം വിശ്വാസികളുടെ പിതാവാകുന്നു. അവൻ നീതീകരിക്കപ്പെട്ടതു പ്രവൃത്തികളാലല്ല. അവനിൽ സകല ജാതികളും അനുഗ്രഹിക്കപ്പെടുമെന്നു ദൈവം മുൻകണ്ടിരുന്നു

(ഉല്പ. 12:3; പ്രവൃ. 15:17,18). അബ്രഹാം വിശ്വസിച്ചതുപോലെ സുവിശേഷത്തിൽ വിശ്വസിക്കുന്നവർ രക്ഷിക്കപ്പെടും.

## ന്യായപ്രമാണവും വാഗ്ദത്തങ്ങളും തമ്മിലുള്ള വ്യത്യാസം (3:10-18)

ന്യായപ്രമാണത്താൽ ആരും നീതീകരിക്കപ്പെടുന്നില്ല. പാപികൾ രക്ഷിക്കപ്പെടുന്നതും ജീവിക്കുന്നതും വിശ്വാസത്താലാകുന്നു. ന്യായപ്രമാണ ത്തിൽ ആശ്രയിക്കുന്നവർ ശാപത്തിൽ കഴിയുന്നു. അതു പൂർണ്ണമായും നിത്യമായും ആചരിക്കുവാൻ ആർക്കും കഴിയാത്തതാണ് അതിന്റെ കാരണം. 600-ൽ അധികം കല്പനകളിൽ ഒന്നു ലംഘിച്ചാൽ നാം കുറ്റക്കാർ ആകും (ആവ. 27:26; യാക്കോ. 2:10). പഴയനിയമത്തിൽനിന്നും നീതിമാൻ വിശ്വാസത്താൽ ജീവിക്കും എന്നുള്ള സത്യം ഇവിടെ ഉദ്ധരിച്ചിരിക്കുന്നു (ഹബ. 2:4). ഇതു നാം റോമർ, എബ്രായർ എന്നീ ലേഖനങ്ങളിലും കാണുന്നു (റോമർ 1:17; എബ്രാ. 10:38). റോമാ ലേഖനത്തിൽ നീതീകരണത്തിനും, ഗലാത്യലേഖനത്തിൽ ജീവിതത്തിനും, എബ്രായലേഖനത്തിൽ വിശ്വാസത്തിനും പ്രാധാന്യം നൽകുന്നു. വിശ്വാസവും നീതീകരണവും അവിഭാജ്യഘടകങ്ങൾ ആകുന്നു.

ന്യായപ്രമാണം വിശ്വാസമല്ല. ഒന്നുകിൽ രക്ഷ ന്യായപ്രമാണം അനുസരിക്കുന്നതുമൂലം അല്ലെങ്കിൽ വിശ്വാസം മൂലം. അതു ചെയ്യുന്നവൻ അതിനാൽ ജീവിക്കും എന്നു ന്യായപ്രമാണം കല്പിക്കുന്നു. അതു പൂർണ്ണമായി അനുസരിക്കാത്തവർ ശപിക്കപ്പെട്ടവർ ആകുന്നു. ക്രിസ്തു നമുക്കുവേണ്ടി ആ ശിക്ഷ സ്വയം സഹിച്ച് ശാപമായി തീർന്നു. അവൻ ക്രൂശുമരത്തിൽ തൂങ്ങപ്പെട്ടു (1 പത്രൊ. 2:24; ആവ. 21:22). ക്രിസ്തു ന്യായപ്രമാണം പൂർണ്ണമായി അനുസരിച്ചു. അതുകൊണ്ടു നമ്മെ പാപത്തിന്റെ ശാപത്തിൽനിന്നും വീണ്ടെടുക്കുവാൻ കഴിയുമായിരുന്നില്ല. അതിൽ തന്റെ ക്രൂശുമരണം തന്നെ ആവശ്യമായിരുന്നു. അവൻ ക്രൂശിൽ നമുക്കുവേണ്ടി ശാപമായി. നമ്മുടെ പാപങ്ങളെ വഹിച്ചുകൊണ്ടു മരിച്ചു. അതു സ്വമനസ്സാലെ താൻ സഹിച്ചു (യോഹ. 10:17,18; 2 കൊരി. 5:21). അങ്ങനെ ന്യായപ്രമാണത്തിന്റെ ശാപത്തിൽനിന്നും നമ്മെ വീണ്ടെടുത്തു. ക്രിസ്തുവിനെ കൂടാതെയും അവൻ മൂലവുമല്ലാതെ ആർക്കും രക്ഷിക്കപ്പെടാവുന്നതല്ല (പ്രവൃ. 4:12). അവർ പരിശുദ്ധാത്മാവ് എന്ന വാഗ്ദത്തം വിശ്വാസത്താൽ പ്രാപിക്കുന്നു. ന്യായപ്രമാണം ആ വാഗ്ദത്തം സ്വീകരിക്കുവാൻ തടസ്സമായിരുന്നു. ക്രിസ്തു മരിച്ച് ഉയിർത്തെഴുന്നേറ്റു സ്വർഗ്ഗാരോഹണം ചെയ്തശേഷം പരിശുദ്ധാത്മാവ് എന്ന വാഗ്ദത്തം നമ്മോടുകൂടെ എന്നേക്കും ഇരിക്കുവാൻ അയച്ചു (യോഹ. 16:7). അബ്രഹാം വിശ്വസിച്ചതുപോലെ ക്രിസ്തുവിൽ വിശ്വസിച്ച് ജാതികൾക്കും യെഹൂദന്മാർക്കും ഇന്നു നീതീകരിക്കപ്പെടുവാൻ കഴിയുന്നു.

മനുഷ്യസമ്പ്രദായം അനുസരിച്ച് ഒരിക്കൽ സ്ഥാപിച്ച നിയമം ആരും ദുർബ്ബലമാക്കുകയോ, അതിനോടു കൂട്ടിക്കലർത്തുകയോ ചെയ്യുകയില്ല. അബ്രഹാം ദൈവവാഗ്ദത്തം പ്രാപിച്ചവനാണ് (ഉല്പ. 22:18). ഇവിടെ സന്തതിയെന്നു പറയുന്നതു ക്രിസ്തുവിനെക്കുറിച്ചാണ്. ന്യായപ്രമാണം അന്ന് അബ്രഹാമിനു ലഭിച്ചിരുന്നില്ല. 430 വർഷം കഴിഞ്ഞിട്ടാണ് ന്യായപ്രമാണം യിസ്രായേലിനു നൽകിയത്. അതു ദൈവം അബ്രഹാമിനു നൽകിയ വാഗ്ദത്തത്തെ ബലഹീനമാക്കുന്നില്ല. അബ്രഹാം ദൈവവാഗ്ദത്തങ്ങൾ വിശ്വാസ ത്താൽ അവകാശപ്പെടുത്തി. അതുപോലെ ഇന്നും പാപികൾ രക്ഷിക്കപ്പെടു ന്നതു ക്രിസ്തുവിലുള്ള വിശ്വാസത്താൽ മാത്രമാകുന്നു. അതാണ് കൃപയുടെ സുവിശേഷം. അതിനോടു പാരമ്പര്യങ്ങളോ സൽക്കർമ്മങ്ങളായ കൂദാശകളോ കൂട്ടിക്കലർത്തുന്നതു ശിക്ഷാർഹമാകുന്നു.

## ന്യായപ്രമാണത്തിന്റെ ഉദ്ദേശം (3:19-29)

ന്യായപ്രമാണം ലംഘനങ്ങൾ നിമിത്തം കൂട്ടിച്ചേർത്തതാണ്. ആദ്യം അബ്രഹാമിനു ലഭിച്ച കൃപയുടെ വാഗ്ദത്തങ്ങളോട് അതിനു ബന്ധമില്ല. ദൈവകല്പന ലംഘിച്ച മനുഷ്യനു പാപത്തെക്കുറിച്ചുള്ള പരിജ്ഞാനം നൽ കുവാൻ ന്യായപ്രമാണം നൽകി (റോമർ 3:20). മോഹിക്കരുതെന്നുള്ള കല്പന ലഭിക്കുവോളം മോഹിക്കുന്നതു പാപമാണെന്നു മനസ്സിലാക്കിയിരുന്നില്ല. ന്യായപ്രമാണം പാപിയെ 'അയ്യോ ഞാൻ അരിഷ്ട മനുഷ്യൻ' എന്നു കരയുവാൻ പ്രേരിപ്പിക്കുന്നു (റോമർ 7:24,25). ന്യായപ്രമാണം ആരെയും നീതീകരിക്കയില്ല. എന്നാൽ നീതീകരണം ആവശ്യമുണ്ടെന്നു ബോധവാനാക്കും. ക്രിസ്തു ന്യായപ്രമാണത്തിന് അവസാനം വരുത്തുവാൻ വന്നു (റോമർ 10:4). ഇന്നു ക്രിസ്തുവിലുള്ള വിശ്വാസത്താൽ നാം നീതീകരിക്കപ്പെടുന്നു (റോമർ 5:1). ന്യായപ്രമാണം ദൂതന്മാർ മുഖാന്തരം മോശെക്കു ലഭിച്ചു. മോശെ ദൈവത്തിനും യിസ്രായേലിനും മദ്ധ്യേ മദ്ധ്യസ്ഥനായി ശുശ്രൂഷിച്ചു (പുറ. 32:15-19; ആവ. 5:5). യിസ്രായേൽ ന്യായപ്രമാണം അനുസരിക്കും എന്നു പ്രതിജ്ഞ ചെയ്തു (പുറ. 19:8). എന്നാൽ പരാജയപ്പെട്ടു. ദൈവം ഏകൻ ആകുന്നു. അവൻ അബ്രഹാമിനോടു മദ്ധ്യസ്ഥൻ കൂടാതെ വാഗ്ദത്തം ചെയ്തു. വ്യവസ്ഥ കൂടാതെയുള്ള ഉടമ്പടിയായിരുന്നു അത്. ദൈവം അത് നിവർത്തിക്കുവാൻ വിശ്വസ്തൻ ആകുന്നു. ന്യായപ്രമാണത്തിൽ ആശ്രയിക്കുന്നവർ അത് അനുസരിക്കുമ്പോൾ മാത്രമേ ദൈവത്താൽ നീതീകരിക്കപ്പെടുകയുള്ളൂ.

ന്യായപ്രമാണം വാഗ്ദത്തത്തോട് എതിർക്കുന്നില്ല. എന്നാൽ അതു കുറ്റം വിധിക്കുന്നു. കൃപയാലുള്ള വിശ്വാസം നമ്മെ നീതീകരിക്കുന്നു. മനുഷ്യൻ ആത്മീയമായി മരിച്ചവനാണ്. അവനു ന്യായപ്രമാണം അനുസരിക്കുവാൻ കഴിവില്ല. അതിനു വീണ്ടും ജനിക്കണം (യോഹ. 1:12,13). മനുഷ്യവർഗ്ഗം പാപത്തിനു ദാസന്മാരും സൽപ്രവൃത്തികൾക്കു ശക്തിയില്ലാത്തവരുമാണ്. അതുകൊണ്ടു നാം രക്ഷിക്കപ്പെടുന്നതു കരുണയാൽ മാത്രമാകുന്നു (തീത്തൊ. 3:5). ന്യായപ്രമാണം പാപബോധം നൽകി രക്ഷകന്റെ വരവിനായി നമ്മെ സൂക്ഷിച്ചു. അത് ഒരു ശിശുപാലകനെപ്പോലെ പ്രവർത്തിച്ചിരുന്നു. ഗ്രീക്കുകാരുടെ ഇടയിൽ ശിശുപാലകൻ കുട്ടികളെ ആറു മുതൽ പതിനാറു വയസ്സു

വരെ ധാർമ്മിക പാഠങ്ങൾ അഭ്യസിപ്പിക്കുന്ന വിശ്വസ്തനായ കാര്യസ്ഥൻ ആയിരുന്നു. അവനു കുട്ടികളെ ശിക്ഷിക്കുവാൻ അനുവാദം ഉണ്ടായിരുന്നില്ല. സ്കൂളിൽ കൊണ്ടുപോകുവാനും മറ്റും അവന് ഉത്തര വാദിത്വം ഉണ്ടായിരുന്നു. അതുപോലെയാണ് ന്യായപ്രമാണം. ക്രിസ്തുവിങ്കലേക്കു പാപികളെ നയിക്കുക. അവർ ക്രിസ്തുവിൽ വിശ്വസിക്കുമ്പോൾ നീതീകരിക്കപ്പെടുന്നു. ക്രിസ്തു വന്നശേഷം ന്യായപ്രമാണത്തിന്റെ ആവശ്യം ഇല്ല. രക്ഷിക്കപ്പെട്ടവർ ന്യായപ്രമാണത്തിനല്ല കൃപയ്ക്കത്രെ അധീനർ (റോമർ 6:15).

രക്ഷിക്കപ്പെടുന്നതു ക്രിസ്തുവിൽ വിശ്വസിക്കുന്നതിന്റെ ഫലമായി ട്ടാണ്. അപ്പോൾ നാം ദൈവമക്കൾ ആകുന്നു (യോഹ. 1:12,13). അവർ ദിവ്യസ്വഭാവം ഉള്ളവർ ആണ് (2 പത്രൊ. 1:4). ഇവിടെ ദൈവപുത്രന്മാർ (sons) ആകുന്നു എന്നുള്ള പ്രസ്താവനകൊണ്ടുള്ള ആശയം പിതാവിന്റെ വാഗ്ദത്തപ്രകാരം അവകാശികൾ എന്നത്രെ. പക്വത വന്നവരും പിതാവിന്റെ മഹത്വം വെളിപ്പെടുത്തുന്നവരും ആയിരിക്കണം ദൈവമക്കൾ. അതിനു നമ്മെ യോഗ്യരാക്കുന്നതു വിശ്വാസം മാത്രമാണ് (എഫെ. 2:8-10).

ദൈവമക്കൾ പരിശുദ്ധാത്മസ്നാനം മൂലം ക്രിസ്തുവിനോടു ചേർന്നവരാണ് (1 കൊരി. 12:12,13). ദൈവമക്കൾ തമ്മിലും ആ ബന്ധം ഉണ്ട്. അവർ ക്രിസ്തുവിനെ പ്രതിഫലിപ്പിക്കുന്നവർ ആകണം (റോമർ 13:14). ക്രിസ്തുവിൽ വിശ്വസിക്കുന്നവർക്കുള്ള ആത്മിക ഐക്യം ക്രിസ്തു സ്ഥാപിച്ചിരിക്കുന്നു. അതുകൊണ്ടു മാനുഷിക നിയമങ്ങളും പാരമ്പര്യങ്ങളും ആത്മിക കൂട്ടായ്മയ്ക്കു തടസ്സം സൃഷ്ടിക്കരുത്. ക്രിസ്തുവിൽ വിശ്വസിച്ചു രക്ഷിക്കപ്പെട്ടവരായ ഗലാത്യർ ക്രിസ്തുവിനുള്ളവരും അബ്രഹാമിന്റെ സന്തതിയും വാഗ്ദത്തപ്രകാരം അവകാശികളും ആകുന്നു. ക്രിസ്തു സകലത്തിനും അവകാശിയാകുന്നു (എബ്രാ. 1:2). രക്ഷിക്കപ്പെട്ട ദൈവമക്കൾ അവനോടുകൂടെ കൂട്ടവകാശികളും അത്രെ (റോമർ 8:17).

## അദ്ധ്യായം 4

### ന്യായപ്രമാണത്തിന്റെ അടിമത്തത്തിൽ ആകരുത് (4:1-7)

മകൻ ജന്മനാൽ അവകാശിയാണെങ്കിലും ശിശുവായിരിക്കുന്നിടത്തോളം ദാസനെക്കാൾ ശ്രേഷ്ഠനല്ല. അവൻ പ്രായപൂർത്തി വരുവോളം ശിശുപാലകനു കീഴ്പ്പെട്ടിരിക്കുന്നു. അതുപോലെയാണ് ന്യായപ്രമാണത്തിനു കീഴിൽ കഴിയുന്നവർ. അവർ ആത്മിക വളർച്ച പ്രാപിക്കുന്നില്ല. അവർ മാനുഷകല്പനകൾക്കും ഉപദേശങ്ങൾക്കും അടിമപ്പെട്ടു ലോകത്തിന്റെ ആദ്യപാഠങ്ങളിൽ കഴിയുന്നു. അതുകൊണ്ട് അവർ വഞ്ചിക്കപ്പെടാവുന്ന ശൈശവാവസ്ഥയിൽ കഴിയുന്നു (കൊലൊ. 2:8,20). അന്നു മനുഷ്യന്റെ രക്ഷയ്ക്കു മതങ്ങളോ തത്വജ്ഞാനമോ കർമ്മപദ്ധതികളോ പര്യാപ്തമല്ലായിരുന്നു. എന്നാൽ കാലസമ്പൂർണ്ണത വന്നപ്പോൾ ദൈവം തന്റെ പുത്രനെ സ്ത്രീയിൽ നിന്നു ജനിച്ചവനായി അയച്ചു. അതു ദൈവം നിശ്ചയിച്ച സമയമായിരുന്നു. പ്രവാചകന്മാർ അതു മുന്നെഴുതിയിരുന്നു. ന്യായപ്രമാണത്തിനു കീഴിൽ അവൻ ജനിച്ചു. സ്ത്രീയുടെ സന്തതിയായി ജനിച്ചു. ക്രിസ്തുവിന്റെ ജനനത്തെക്കുറിച്ചാണ് ഇവിടെ പറയുന്നത്. അവൻ ദൈവപുത്രനാണ്. പാപരഹിതനാണ്. യെഹൂദ കുടുംബത്തിൽ ജനിച്ചു. ന്യായപ്രമാണത്തിന്റെ കല്പനകൾ അനുസരിക്കുന്നവനായിട്ടു ജനിച്ചു. അവനിൽ ദൈവത്വവും മനുഷ്യ ത്വവും ഒരുപോലെ സമ്മേളിച്ചിരുന്നു (യോഹ. 1:14). ന്യായപ്രമാണത്തിന്റെ ശാപത്തിൽനിന്നു നമ്മെ വീണ്ടെടുക്കുവാനും സ്വതന്ത്രരാക്കുവാനും ജനിച്ചു. സകല മനുഷ്യരും രക്ഷ പ്രാപിക്കുവാനുള്ള മാർഗ്ഗം തുറന്നു (1 തിമൊ. 2:4). അതിൽ ജാതികളും യെഹൂദന്മാരും ഉൾപ്പെടും. രക്ഷിക്കപ്പെടുവാനുള്ള ഏക മാർഗ്ഗം ക്രിസ്തുവാണ് (പ്രവൃ. 4:12). ക്രിസ്തുവിൽ മാത്രമേ ആത്മിക പുത്രത്വം ലഭിക്കയുള്ളൂ. ന്യായപ്രമാണമാകുന്ന ശിശുപാലകന്റെ കീഴിൽ നിന്നും സ്വാതന്ത്ര്യം നൽകി ആത്മിക സമ്പത്തും പദവികളും അനുഭവിക്കു വാനുള്ള മാർഗ്ഗം ക്രിസ്തു തുറന്നു. ദൈവകുടുംബത്തിലേക്ക് നമ്മെ ദത്തെടുത്തിരിക്കുന്നു. ദൈവത്തെ 'പിതാവേ' എന്നു വിളിക്കുവാനുള്ള പദവിയും അവന്റെ അനുഗ്രഹങ്ങൾ അനുഭവിക്കുവാനുള്ള അവകാശവും നമുക്കു ലഭി ച്ചിരിക്കുന്നു. അതിനു പരിശുദ്ധാത്മാവിനെ നമ്മുടെ ഹൃദയങ്ങളിൽ നൽകി. ന്യായപ്രമാണത്തിൽ നാം ഭയപ്പെട്ടുകഴിഞ്ഞിരുന്നു. ആത്മാവ് ഇന്നു ഭയത്തിൽനിന്നു വിടുതലും നാം ആത്മിക സ്വാതന്ത്ര്യമുള്ളവരെന്നുള്ള സാക്ഷ്യ വും ഹൃദയത്തിൽ നൽകുന്നു (റോമർ 8:14-16). ക്രിസ്തുവിൽ അവകാശികൾ ആകുവാനുള്ള പുത്രത്വം പ്രാപിച്ചവർ എങ്ങനെ പിന്നെയും ന്യായപ്രമാണത്തിന്റെ അടിമത്തത്തിലേക്കു പിന്മാറിപ്പോകും എന്ന് അപ്പൊസ്തലൻ ആശ്ചര്യ പ്പെടുന്നു.

### പൗലൊസിന്റെ ആഹ്വാനം (4:8-20)

ഗലാത്യർ വിഗ്രഹങ്ങളെ സേവിക്കുന്നവർ ആയിരുന്നു. അവ യഥാർത്ഥത്തിൽ ദൈവമല്ല. സുവിശേഷം കേട്ടു രക്ഷിക്കപ്പെട്ടവരാണ് അവർ. അങ്ങനെ ദൈവത്തെ വ്യക്തിപരമായി പരിജ്ഞാനത്തിൽ ഗ്രഹിക്കുവാൻ അവർക്ക് സാധിച്ചു. ദൈവം അവരെ അറിയുന്നു എന്നുള്ളതുകൊണ്ടുള്ള ആശയം രക്ഷയ്ക്ക് അവരെ പ്രാപ്തരാക്കിയതു ദൈവമാകുന്നു എന്നാണ് (1 കൊരി. 8:3). പിന്നെയും ഗലാത്യർ ന്യായപ്രമാണത്തിന് അടിമകളാകുന്നതിൽ അപ്പൊസ്തലൻ ആശ്ചര്യപ്പെടുന്നു. അവർ ക്രിസ്തുവിലുള്ള സ്വാതന്ത്ര്യം ഉപേക്ഷിച്ചു കർമ്മാനുഷ്ഠാനങ്ങൾ മൂലം നീതീകരിക്കപ്പെടുവാൻ പരിശ്രമിച്ചു. താൻ അവരുടെ ഇടയിൽ ചെയ്ത ശുശ്രൂഷകൾ ഫലശൂന്യമായോ എന്നു പൗലൊസു ഭയപ്പെടുന്നു.

പൗലൊസ് കൃപയാൽ രക്ഷിക്കപ്പെട്ടവനും ന്യായപ്രമാണത്തിന്റെ ദാസ്യത്വത്തിൽനിന്നും സ്വതന്ത്രനും ആയി

രുന്നു. ഗലാത്യർ തന്നെ അനുകരി ക്കുവാൻ ഇവിടെ ആഹ്വാനം ചെയ്യുന്നു. താൻ ന്യായപ്രമാണമില്ലാത്ത ജാതികളെ ക്രിസ്തുവിനായി നേടുവാൻ നിയോഗം ലഭിച്ചവനായിരുന്നു (1 കൊരി. 9:21). തന്റെ പ്രവർത്തനങ്ങളോടു ഗലാത്യർ അനുഭാവികൾ ആയിരുന്നു. പൗലൊസിന്റെ രോഗം ഗലാത്യയിൽ കൂടുതൽ സമയം ചെലവഴിക്കുവാൻ കാരണമായി. തന്റെ രോഗം തന്നോട് വെറുപ്പ് ഉളവാക്കുവാൻ പര്യാപ്തമായിരുന്നു. എന്നാൽ ഗലാത്യർ പൗലൊസിനോടു ബഹുമാനപുരസരം പെരുമാറി. ഒരു ദൈവദൂതനെപ്പോലെ തന്നെ അവർ സ്വീകരിച്ചു (പ്രവൃ. 14:11-18). അവർ പൗലൊസിലും തന്റെ ശുശ്രൂഷകളിലും സന്തോഷിക്കുന്നവർ ആയിരുന്നു. താൻ ഒരു ചുഴലിദീനരോഗിയായിരുന്നു എന്ന് അഭിപ്രായപ്പെ ടുന്നു. പൗലൊസിനുവേണ്ടി എന്തു ത്യാഗവും ചെയ്യുവാൻ ഗലാത്യർ മനസ്സു ള്ളവർ ആയിരുന്നു. പിന്നെ എങ്ങനെ അവർ തന്നോടു വിരോധികൾ ആയി എന്ന് അപ്പൊസ്തലൻ അത്ഭുതപ്പെടുന്നു. താൻ അവരോടു ക്രിസ്തുവിനെ ക്കുറിച്ചുള്ള സത്യം പ്രസ്താവിച്ചതു മൂലമാണോ എന്ന് അവരോടു ചോദിക്കുന്നു. യെഹൂദമതാനുസാരികളുടെ ശുഷ്കാന്തി അവരെ ന്യായപ്രമാണത്തിന്റെ അടിമത്തത്തിൽ ആക്കുവാനുള്ളതാണ് എന്ന് അപ്പൊസ്തലൻ ഗലാത്യരെ ഓർമ്മപ്പെടുത്തുന്നു. തനിക്ക് അവരോടുള്ള ശുഷ്കാന്തി സ്ഥിരത യുള്ളതും ക്രിസ്തുവിൽ അവരെ സമ്പൂർണ്ണരാക്കുന്നതുമാണ്. പൗലൊസ് ഗലാത്യരുടെ ആത്മിക പിതാവായിരുന്നു. അവർ ക്രിസ്തുവിൽ വിശ്വസിച്ചു രക്ഷിക്കപ്പെടുന്നവർ ആകുവാൻ ആവേശം പ്രകടിപ്പിച്ചിരുന്നു. അതിനെ ഒരു കുഞ്ഞിനെ പ്രസവിക്കുന്ന അമ്മയുടെ പ്രസവവേദനയോട് ഉപമിച്ചിരിക്കുന്നു. ഗലാത്യർ അനുതപിച്ചു യഥാസ്ഥാനപ്പെടുവാൻ പൗലൊസ് ഇപ്പോൾ ദൂരെയിരുന്നുകൊണ്ട് ആഹ്വാനം ചെയ്യുന്നു. ക്രിസ്തു ഹൃദയത്തിൽ ഉരുവാകുമ്പോൾ പ്രവൃത്തികളിൽക്കൂടി അതു ജീവിതത്തിൽ വെളിപ്പെടും. പൗലൊസിനു ഗലാത്യരെക്കുറിച്ചുള്ള ആഗ്രഹം അതായിരുന്നു. അവരെ ന്യായപ്രമാണ ത്തിന്റെ ദാസ്യത്വത്തിൽനിന്നും സ്വതന്ത്രരാക്കുവാൻ എന്തും ചെയ്യുവാൻ പൗലൊസു മനസ്സുള്ളവനായിരുന്നു.

### സാറയുടേയും ഹാഗാറിന്റേയും ദൃഷ്ടാന്തം (4:21-31)

ന്യായപ്രമാണത്തിലേക്കു തിരിയുന്നവർ അത് എന്ത് ആവശ്യപ്പെടുന്നു എന്നും അതു ലംഘിക്കുമ്പോൾ ഉണ്ടാകുന്ന ശിക്ഷാവിധിയെക്കുറിച്ചും ബോധവാന്മാർ ആയിരിക്കണം. രക്ഷ ദൈവത്തിന്റെ ദാനവും കൃപയാൽ വിശ്വാസം മൂലവുമാണ്. ന്യായപ്രമാണം കല്പിക്കുന്നതു പ്രവൃത്തികളാലുള്ള നീതീകരണം ആകുന്നു. അതിനെ സാറയുടെ ദാസിയായ ഹാഗാറിനോട് ഉപമിച്ചിരിക്കുന്നു. ദൈവവാഗ്ദത്തങ്ങളിലുള്ള വിശ്വാസത്താലുള്ള രക്ഷയെ സ്വതന്ത്രയായ സാറയോടും സദൃശീകരിക്കുന്നു.

അബ്രഹാമിനു യിശ്മായേൽ, യിസ്ഹാക് എന്നീ രണ്ടു പുത്രന്മാർ ഉണ്ടായിരുന്നു. അവരുടെ അമ്മമാരുടെ പദവി അവരുടെ പദവിയേയും നിർണയിക്കുന്നു. യിശ്മായേൽ ജഡപ്രകാരം ഉള്ളവൻ. യിസ്ഹാക് വാഗ്ദത്ത പ്രകാരം ജനിച്ചവൻ. ഹാഗാർ അടിമയും യിശ്മായേലിന്റെ അമ്മയും ആയിരുന്നു. അതു ന്യായപ്രമാണത്തെ കാണിക്കുന്നു. ഹാഗാർ സീനായ്മലയേയും ന്യായപ്രമാണത്തിന്റെ അടിമത്തത്തേയും സദൃശീകരിക്കുന്നു. ഹാഗാറും സാറയും രണ്ടു നിയമങ്ങളെ കാണിക്കുന്നു. സാറാ ദൈവവാഗ്ദത്തത്തെയും ആത്മിക സ്വാതന്ത്ര്യത്തെയും സദൃശീകരിക്കുന്നു. ഹാഗാർ ന്യായപ്രമാണ ത്തെ കാണിക്കുന്ന യെരൂശലേമിനെ സദൃശീകരിക്കുമ്പോൾ സാറാ ആത്മീയ സ്വാതന്ത്ര്യം പ്രദാനം ചെയ്യുന്ന സ്വർഗ്ഗീയ യെരൂശലേമിനെ പ്രതിനിധീകരിക്കുന്നു (എബ്രാ. 12:22-24). ഹാഗാർ സാറയെ നിന്ദിച്ചതുപോലെ യെഹൂദ ക്രിസ്ത്യാനികൾ ജാതികളിൽനിന്നു രക്ഷിക്കപ്പെട്ടവരെ നിന്ദിക്കുന്നു. ന്യായപ്രമാണത്തിലെ ആചാരാനുഷ്ഠാനങ്ങൾ അനുസരിക്കാത്തതായിരുന്നു അതിനുള്ള കാരണം. ക്രിസ്തുവിലുള്ള സ്വാതന്ത്ര്യം ലഭിച്ചവർക്കു ന്യായപ്രമാണ ത്തിന്റെ ആചരണം നീതീകരണത്തിന് ആവശ്യമില്ല. വാഗ്ദത്തത്തിൽ വിശ്വസിച്ചതുകൊണ്ടു സാറയ്ക്കു യിസ്ഹാക്കിനെ ലഭിച്ചു. അതുപോലെ നാമും യിസ്ഹാക്കിനെപ്പോലെ ദൈവവാഗ്ദത്തത്തിൽ വിശ്വസിച്ചു വീണ്ടും ജനിക്കുന്നു. പ്രവൃത്തികളാൽ നീതീകരിക്കപ്പെടുവാൻ ശ്രമിക്കുന്നവർ കൃപയുടെ സുവിശേഷത്തെ തരംതാഴ്ത്തുന്നവർ ആണ്. കൃപയാൽ നാം അവകാശം പ്രാപിക്കുന്നു. ന്യായപ്രമാണത്തിൽ ആശ്രയിക്കുന്നവർ അവകാശികൾ ആകയില്ല. ന്യായപ്രമാണവും കൃപയും പൊരുത്തപ്പെട്ടുപോകയില്ല. ക്രിസ്തുവിലുള്ളവർ ന്യായപ്രമാണത്തിൽനിന്നും സ്വതന്ത്രർ ആകുന്നു. ഗലാത്യരെ പ്പോലെ കൃപയുടെ സുവിശേഷത്തോടു ന്യായപ്രമാണം കൂട്ടിക്കലർത്തുന്ന വർ സഭാമണ്ഡലത്തിൽ ഉണ്ട്. ആയതിനാൽ പൗലൊസിനെപ്പോലെ സുവിശേഷം പ്രദാനംചെയ്യുന്ന ക്രിസ്തുവിലുള്ള സ്വാതന്ത്ര്യത്തിന്റെ സാക്ഷികൾ ആകുവാൻ കർത്താവു നമ്മെ സഹായിക്കട്ടെ.

## അദ്ധ്യായം 5

### സ്വാതന്ത്ര്യത്തിനായുള്ള ആഹ്വാനം (5:1-12)

ക്രിസ്തുവിലുള്ള വിശ്വാസം മൂലം ലഭിക്കുന്ന രക്ഷ ആത്മിക സ്വാത ന്ത്ര്യം നൽകുന്നതാണ്. അതാണ് പൗലൊസു ഗലാത്യയിൽ പ്രസംഗിച്ച സുവിശേഷം. അതിൽ സ്ഥിരതയുള്ളവരായി തുടരുവാൻ അപ്പൊസ്തലൻ പ്രബോധിപ്പിക്കുന്നു. അവർ അന്ധവിശ്വാസത്തിൽനിന്നും രക്ഷിക്കപ്പെട്ടുവന്നവരാണ്. ന്യായപ്രമാണത്തിന്റെ അടിമത്തത്തിൽ അവർ പിന്നെയും വീഴരുതെന്നു താൻ ആഗ്രഹിക്കുന്നു. യെഹൂദമതാനുസാരികൾ ഗലാത്യർ പരിച്ഛേദന ഏൽ ക്കുന്നതു രക്ഷയ്ക്ക് ആവശ്യം എന്ന് ഉപദേശിച്ചു. പരിച്ഛേദന ന്യായപ്രമാണം അനുസരിക്കും എന്നു

പ്രതിജ്ഞ ചെയ്യുന്നതിന്റെ അടയാളം ആയിരുന്നു. രക്ഷ കൃപയാൽ വിശ്വാസം മൂലം ലഭിക്കുന്നതാണ്. അതിനു ന്യായപ്രമാണം അനുസരിക്കേണ്ട ആവശ്യം ഇല്ല. അതുകൊണ്ടു പരിച്ഛേദന രക്ഷയ്ക്ക് ആവശ്യമില്ല. ന്യായപ്രമാണവും കൃപയും തമ്മിൽ ബന്ധമില്ല. അതുപോലെ വിശ്വാസവും പ്രവൃത്തികളും തമ്മിലും പൊരുത്തപ്പെടുന്നില്ല. പ്രവൃത്തികളാൽ നീതീകരിക്കപ്പെടുവാൻ ശ്രമിക്കുന്നവർ ക്രിസ്തുവിൽനിന്നും പിൻ മാറുന്നവരാണ്. അവർ ദൈവ കൃപയെ നിസ്സാരമായി ഗണിക്കുന്നു. ഇവിടെ അപ്പൊസ്തലൻ കൃപയും ന്യായപ്രമാണവും തമ്മിലുള്ള വ്യത്യാസം ചൂണ്ടിക്കാണിക്കുന്നു. അതല്ലാതെ ഗലാത്യരുടെ രക്ഷ നഷ്ടപ്പെടുമെന്നുള്ള ആശയം ഇല്ല. ഒന്നുകിൽ നീതീകരണം പരിച്ഛേദനയാൽ അല്ലെങ്കിൽ വിശ്വാസത്താൽ. ക്രിസ്തുവിശ്വാസികൾ വിശ്വാസത്താൽ സമ്പൂർണ്ണ നീതീകരണം പ്രാപിക്കും എന്നുള്ള പ്രത്യാശാനിവർത്തിക്കായി ഇന്നു കാത്തിരിക്കുന്നു.

ക്രിസ്തുവിൽ വിശ്വസിക്കുന്നവർ അവനോട് അഭേദ്യമായ ബന്ധമുള്ളവരായി തീരുന്നു. അതു മുന്തിരിവള്ളിയും കൊമ്പുകളും പോലെയാണ്. ആ ബന്ധത്തിൽ ജാതിവ്യത്യാസം ഇല്ല. യഥാർത്ഥ വിശ്വാസം സ്നേഹത്തിൽ ക്കൂടി വെളിപ്പെടുന്നു. അപ്പോൾ നാം കർത്താവിനെ അനുസരിക്കുന്നവർ ആകും. ഗലാത്യർ രക്ഷിക്കപ്പെട്ടവർ ആയിരുന്നു. അവർ കർത്താവിനോടുള്ള സ്നേഹത്താൽ നിർബന്ധിക്കപ്പെട്ട് അവന്റെ കല്പനകൾ അനുസരിക്കുന്ന വർ ആയിരുന്നു. അതിൽനിന്നും അവരെ ആർ പിന്തിരിപ്പിച്ചു എന്ന് അപ്പൊസ്തലൻ ചോദിക്കുന്നു. അതിനു തങ്ങളെ പ്രേരിപ്പിച്ചവർ ദൈവത്തിൽനിന്നു ള്ളവർ അല്ല. ദൈവജനത്തിന്റെ മദ്ധ്യത്തിൽ ദുരുപദേശം പ്രചരിപ്പിച്ച് ഇടർച്ച ഉണ്ടാക്കുന്നവർ സാത്താന്റെ പ്രേരണയാൽ പ്രവർത്തിക്കുന്നവർ ആകുന്നു. അവരെ പുളിച്ച മാവിനോട് ഉപമിച്ചിരിക്കുന്നു. അതു തുടരുവാൻ അനുവദിച്ചാൽ പിണ്ഡത്തെ മുഴുവനും പുളിപ്പിക്കും. സഭയിൽ ഭിന്നതയും കലക്കവും ഉണ്ടാകുവാൻ കാരണമാകും. അതു മനസ്സിലാക്കി പരിഹരിക്കുവാനുമുള്ള ഉത്തരവാദിത്വം സഭാമൂപ്പന്മാർക്കുള്ളതാണ്. അതിൽ വിട്ടുവീഴ്ച ചെയ്യുന്നതു സഭയുടെ അനുഗ്രഹത്തെ സാരമായി ബാധിക്കും. അങ്ങനെ സംഭവിക്കയില്ല എന്നു പൗലൊസു കർത്താവിൽ ധൈര്യപ്പെടുന്നു. എന്നാൽ ദൈവജനത്തെ സ്വാർത്ഥതാല്പര്യങ്ങൾക്കു വേണ്ടി ദുരുപദേശങ്ങളാൽ വശീകരിക്കുന്നവർ ശിക്ഷായോഗ്യർ ആകും. പൗലൊസു ന്യായപ്രമാണതല്പരനാണെന്നുള്ള ദുഷ്പ്രചരണം നടത്തിയിരുന്നു. അങ്ങനെയാണെങ്കിൽ എന്തിനു യെഹൂദ ക്രിസ്ത്യാനികളുടെ ഉപദ്രവം താൻ സഹിക്കുന്നു എന്നു ചോദിക്കുന്നു. ക്രൂശിന്റെ വചനം യെഹൂദമതാനുസാരികൾക്ക് ഇടർച്ചയായിരിക്കു
ന്ന ത ;
രക്ഷ കൃപയാൽ മാത്രമാണെന്നുള്ള സത്യം അതു വ്യക്തമാക്കുന്നതു കൊണ്ടാണ്. ഗലാത്യർ പരിച്ഛേദന ഏൽക്കണം എന്നു നിർബന്ധിച്ച് അവരുടെ ആത്മിക ജീവിതത്തെ കലക്കിക്കളയുന്നവർ സ്വയം അംഗച്ഛേദം ചെയ്തു ഷണ്ഡന്മാരായാൽ കൊള്ളാമായിരുന്നു എന്ന് അപ്പൊസ്തലൻ ആഗ്രഹിക്കുന്നു.

## ക്രിസ്തുവിലുള്ള സ്വാതന്ത്ര്യം ദുർവിനിയോഗം ചെയ്യരുത് (5:13-26)

ആത്മീയ സ്വാതന്ത്ര്യം പാപംചെയ്യുവാനുള്ള ലൈസൻസല്ല. അതു ദുർവിനിയോഗം ചെയ്യുവാൻ പാടില്ല. സ്വാതന്ത്ര്യം ഉത്തരവാദിത്വത്തോടുകൂടെ ഉപയോഗിക്കേണ്ടതാകുന്നു. ജഡം മനുഷ്യനിലെ പാപസ്വഭാവത്തെ കാണിക്കുന്നു. അതു ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു (ഗലാ. 2:20). എന്നാൽ അത് ഉണർന്നുവരുവാൻ നാം അവസരം നൽകരുത്. പിന്നെയോ സ്നേഹത്താൽ ഭരിക്കപ്പെട്ടവരായി അന്യോന്യം നാം സേവിക്കുന്നവർ ആകണം. കൂട്ടുകാരനെ നിന്നെപ്പോലെ തന്നേ സ്നേഹിക്കണം എന്നുള്ള കല്പനയിൽ ന്യായപ്രമാണം മുഴുവനും അടങ്ങിയിരിക്കുന്നു. ക്രിസ്തുവിലുള്ള സ്വാതന്ത്ര്യം സ്നേഹത്തിൽ കർത്താവിനെ അനുസരിക്കുവാൻ പ്രേരിപ്പിക്കുന്നു. കൃപ പാപംചെയ്യുവാനുള്ള സ്വാതന്ത്ര്യം അല്ല. അതു നമ്മെ അന്യോന്യം സേവിക്കുവാൻ പ്രാപ്തരാക്കുന്നു.

രക്ഷിക്കപ്പെട്ട ദൈവമക്കളിൽ രണ്ടു സ്വഭാവങ്ങൾ ഉണ്ട്; ആത്മസ്വഭാ വവും ജഡസ്വഭാവവും. നാം രക്ഷിക്കപ്പെടുമ്പോൾ നമ്മുടെ പഴയ ജഡസ്വഭാവത്തെ ദൈവം നീക്കിക്കളയുന്നില്ല. എന്നാൽ പുതിയ ഒരു സ്വഭാവം നൽകുന്നു. അത് ആത്മസ്വഭാവം ആണ്. അതു ജഡസ്വഭാവത്തിന് അടിമയല്ല. പരിശുദ്ധാത്മാവിന്റെ നിയന്ത്രണത്തിലും ശക്തിയിലും ജീവിക്കുന്ന വർക്കു ജഡസ്വഭാവത്തെ അതിജീവിക്കുവാൻ കഴിയും. ദൈവമക്കളിൽ ആത്മീയ പോരാട്ടം തുടർന്നുകൊണ്ടിരിക്കുന്നു. ആത്മാവിനെ അനുസരിക്കു മ്പോൾ ആത്മിക അനുഭവങ്ങൾ ഉണ്ടാകുന്നു. ജഡമോഹങ്ങൾക്ക് അടിമകൾ ആകുമ്പോൾ ജഡികന്മാരായി തീരുന്നു. പരിശുദ്ധാത്മനിറവിലും നിയ ന്ത്രണത്തിലും ജീവിക്കുമ്പോൾ ന്യായപ്രമാണത്തിന്റെ നിയന്ത്രണത്തിലും ഭയത്തിലും കഴിയേണ്ട ആവശ്യം ഇല്ല.

ജഡസ്വഭാവത്തിന് അടിമപ്പെടുന്ന വിശ്വാസികൾ പാപത്തിന്റെ ഫലം പുറപ്പെടുവിക്കുന്നവരാകും. ആ ഫലങ്ങൾ നാം 19-21 വരെയുള്ള വാക്യങ്ങളിൽ കാണുന്നു. ദൈവമക്കൾ ബലഹീനതമൂലം ചില തെറ്റുകളിൽ വീണു എന്നു വരാം. എന്നാൽ അവ ഏറ്റുപറഞ്ഞ് ഉപേക്ഷിക്കുന്നവരായിരിക്കും (സദൃ. 28:13; 1 യോഹ. 1:7-9). പാപഫലങ്ങൾ നിരന്തരം വെളിപ്പെടുത്തുന്ന ജീവിതം വീണ്ടും ജനനത്തിന്റെ ലക്ഷണം അല്ല. ഒരുവൻ ക്രിസ്തുവിലായാൽ പുതിയ സൃഷ്ടി ആകുന്നു (2 കൊരി. 5:17). ജഡസ്വഭാവത്തിന് അടിമ പ്പെട്ടവർ ദൈവരാജ്യം അവകാശമാക്കുകയില്ല. അവർ യഥാർത്ഥ രക്ഷയുടെ അനുഭവം ഉള്ളവർ അല്ല. ഇന്നു സഭകളിൽ അങ്ങനെയുള്ളവർ ഉണ്ട് എന്നു ള്ളത് ഒരു ദുഃഖസത്യം ആകുന്നു.

പരിശുദ്ധാത്മാവിനെ അനുസരിക്കുന്നവർ ആത്മാവിന്റെ ഫലം പുറപ്പെടുവിക്കുന്നവർ ആയിരിക്കും. ഒമ്പതു

ഫലങ്ങളെക്കുറിച്ച് ഇവിടെ പറയുന്നു. അത് ഒരു മുന്തിരിക്കുലയിലെ മുന്തിരി പോലെയാണ്. ആത്മഫലം ഏകവചനമായിട്ടാണ് കാണിച്ചിരിക്കുന്നത്. അതിലെ ആദ്യത്തെ മൂന്നു ഫല ങ്ങൾ ദൈവത്തോടു ബന്ധമുള്ളതാണ്; സ്നേഹം, സന്തോഷം, സമാധാനം. അടുത്ത മൂന്നു ഫലങ്ങൾ മറ്റുള്ളവരോടു കാണിക്കേണ്ട ഗുണങ്ങൾ ആകുന്നു; ദീർഘക്ഷമ, ദയ, പരോപകാരം. അവസാനത്തെ മൂന്നു ഫലങ്ങൾ സ്വയം അനുഭവിച്ചറിയുവാനുള്ളതാണ്; വിശ്വസ്തത, സൗമ്യത, ഇന്ദ്രിയജയം. പരിശുദ്ധാത്മാവാണ് ഈ ഫലങ്ങൾ വിശ്വാസിയിൽ ഉളവാക്കുന്നത്. ക്രിസ്തുവാകുന്ന മുന്തിരിവള്ളിയിൽ വസിക്കുന്ന കൊമ്പുകൾക്കു മാത്രമേ ആത്മഫലങ്ങൾ പുറപ്പെടുവിക്കുവാൻ കഴിയൂ. ക്രിസ്തുവിനോടുള്ള അഭേദ്യമായ ബന്ധം അതിന് ആവശ്യമാകുന്നു. ദൈവവചനം അനുസരിക്കുകയും പരിശുദ്ധാത്മനിയന്ത്രണത്തിൽ ജീവിക്കുകയും ചെയ്യുമ്പോൾ അതു സംഭവിക്കുന്നു (യോഹ. 15:1–8). അതിനു ന്യായപ്രമാണം അനുസരിക്കുന്നവരാകേണ്ടതില്ല.

പരിശുദ്ധാത്മാവ് ഉളവാക്കുന്ന സ്നേഹം നിസ്വാർത്ഥ സ്നേഹമാണ്. അതു നാം ക്രിസ്തുവിൽ കാണുന്നു (1 കൊരി. 13). ആത്മീയ സന്തോഷം, ബഹുകഷ്ടങ്ങളിൽ സന്തോഷവും സംതൃപ്തിയും നൽകുന്നതാണ് (1 തെസ്സ. 1:6). ദൈവസമാധാനം, സകല ബുദ്ധിയേയും കവിയുന്നതും പ്രശ്നങ്ങളുടെ മദ്ധ്യത്തിൽ ഹൃദയത്തെ പ്രശാന്തമാക്കുന്നതുമാണ് (യോഹ. 14:27). ദീർഘക്ഷമ, പ്രകോപിക്കുമ്പോൾ ഉപദ്രവം സഹിക്കുവാൻ കഴിയുന്ന മനസ്സാണ്. ദയ, കൃപയോടെ ഏർപ്പെടാനുള്ള കഴിവാകുന്നു. പരോപകാരം, മറ്റുള്ളവർക്കു നന്മചെയ്യുവാനുള്ള മനസ്സാണ്. വിശ്വസ്തത, കർത്തവ്യനിർവ്വഹണത്തിൽ പ്രകടമാക്കുന്ന ആത്മാർത്ഥതയാകുന്നു. സൗമ്യത, മഹാമനസ്കത; സ്വാർത്ഥതയ്ക്കും മത്സരത്തിനും എതിരായ ഗുണം. സൗമ്യത ബലഹീനതയല്ല. ജീവിതത്തിൽ വെളിപ്പെടുത്തേണ്ട ഗുണമാണ്. ഇന്ദ്രിയജയം, പ്രാകൃത ആവേശത്തെ നിയന്ത്രിക്കുവാനുള്ള കഴിവാണ്. പരിശുദ്ധാത്മാവ് ഉളവാക്കുന്ന ആത്മഫലം പുറപ്പെടുവിക്കുവാൻ ന്യായപ്രമാണത്തിനു ദാസന്മാർ ആകേണ്ടതില്ല. ക്രിസ്തുവിനോടുകൂടെ ജഡം ക്രൂശിക്കപ്പെട്ടിരിക്കുന്നു എന്ന് എണ്ണുന്നവർക്കും പരിശുദ്ധാത്മാവിനാൽ നിയന്ത്രിക്കപ്പെടുന്ന വർക്കും മാത്രമേ ആത്മഫലം പുറപ്പെടുവിക്കുവാൻ കഴിയൂ. നാം ജഡത്തിൽ പ്രശംസിക്കുമ്പോൾ അന്യോന്യം അസൂയപ്പെടുകയും പ്രകോപിപ്പിക്കുകയും ചെയ്യുന്നവർ ആകും. ക്രിസ്തീയ ജീവിതം അങ്ങനെ ആകുവാൻ ഇടവരാതിരിക്കുവാൻ ആത്മനിറവ് ആവശ്യമാകുന്നു.

## അദ്ധ്യായം 6

### തെറ്റിലകപ്പെടുന്നവരോടുള്ള കടപ്പാട് (6:1–10)

ദൈവമക്കൾ തെറ്റിൽ അകപ്പെടാവുന്നതാണ്. അവർ ദൈവമക്കൾ ആകയാൽ അവരെ യഥാസ്ഥാനപ്പെടുത്തുവാനുള്ള ഉത്തരവാദിത്വം ആത്മീയരായ ദൈവമക്കൾക്കുള്ളതാകുന്നു. അവർ സൗമ്യതയുടെ ആത്മാവിൽ അതു ചെയ്യണം. മനഃപൂർവ്വം ചെയ്യുന്നതും അപ്രതീക്ഷിതമായി ചെയ്യുന്ന തെറ്റുകളും ഉണ്ട്. അതു വിവേചിച്ചു മനസ്സിലാക്കി സഹതാപബുദ്ധിയോടുകൂടെ അവരോട് ഏർപ്പെടണം. ഒടിഞ്ഞ അസ്ഥി കൂട്ടിച്ചേർത്തു പ്ലാസ്റ്റർ ഇടുന്നതുപോലെ കരുതലോടെ ചെയ്യേണ്ട ശുശ്രൂഷയാകുന്നു ഇത്. ആരും പരീക്ഷ യ്ക്ക് അതീതരല്ലെന്നുള്ള ബോധം ഉള്ളവരായി കരുതലോടുകൂടെ ജീവിക്കണം. ദൈവമക്കൾ തമ്മിൽ തമ്മിൽ ഭാരങ്ങൾ ചുമക്കുന്നവർ ആകണം. അങ്ങനെ ക്രിസ്തുവിന്റെ കല്പന അനുസരിക്കണം. വിശ്വാസികൾ സ്വയം പ്രശംസിക്കുന്നവർ ആകരുത്. കർത്താവിൽനിന്നും ലഭിച്ചതല്ലാതെ നമുക്കു പ്രശംസിക്കുവാൻ ഒന്നും ഇല്ല. ഭാവിക്കേണ്ടതിനു മീതെ ഭാവിച്ചുയരരുത് (റോമർ 12:3). അതു സ്വയവഞ്ചനയാകുന്നു. വിശ്വാസികൾ സ്വയം പരിശോധിക്കുന്നവർ ആകണം. മറ്റു വിശ്വാസികളുമായി നമ്മെ താരതമ്യപ്പെടുത്തരുത്. കർത്താവു നൽകുന്ന ലഘുവായ ചുമടു ചുമക്കുവാൻ നാം മനസ്സുള്ളവർ ആയിരിക്കണം (മത്താ. 11:30). വചനം പഠിപ്പിക്കുന്നവരെ സാമ്പത്തികമായി സഹായിക്കണം. അവർ അതിനു യോഗ്യർ ആകുന്നു. മനുഷ്യൻ വിതയ്ക്കുന്നതു തന്നെ കൊയ്യും. ജഡത്തിൽ വിതച്ചാൽ നാശം കൊയ്യും. ആത്മാവിൽ വിതച്ചാൽ നിത്യജീവനെ കൊയ്യും. വഞ്ചിക്കപ്പെടരുത്. ദൈവത്തിന്റെ ന്യായവിധി നീതിയുള്ളതാകുന്നു. നന്മചെയ്യുന്നതിൽ മടുത്തുപോകരുത്. തക്കസമയത്തു കർത്താവു പ്രതിഫലം നൽകും. അവസരം ലഭിക്കുമ്പോൾ നന്മചെയ്യുവാൻ മടിക്കരുത്. വിശേഷാൽ സഹവിശ്വാസികൾക്കു നന്മചെയ്യുവാൻ നാം ഉത്സാഹം ഉള്ളവർ ആയിരിക്കണം.

### ഉപസംഹാരം (6:11–18)

അപ്പൊസ്തലൻ പേനയെടുത്തു സ്വന്തമായി ചില വരികൾ ഇവിടെ എഴുതുന്നു. യെഹൂദമതാനുസാരികൾ മനുഷ്യരെ പ്രസാദിപ്പിക്കുവാനും സുവിശേഷം നിമിത്തം ഉപദ്രവം സഹിക്കാതിരിക്കുവാനും ഗലാത്യരെ പരിച്ഛേദന കഴിക്കുവാൻ നിർബന്ധിച്ചു. അവർ ന്യായപ്രമാണം പൂർണ്ണമായും അനുസരി ക്കാത്തവരും മറ്റുള്ളവർ അതിന് അടിമകളാകുന്നതു കണ്ടു പ്രശംസിക്കുവാൻ ആഗ്രഹിക്കുന്നവരുമാണ്. പൗലൊസു ക്രിസ്തുവിന്റെ മരണത്തോടുള്ള കൂട്ടായ്മയിൽ പ്രശംസിക്കുവാൻ ആഗ്രഹിച്ചു. യെഹൂദമതാനുസാരികൾക്ക് അപമാനമായതിൽ പൗലൊസ് അഭിമാനം കണ്ടെത്തി. പൗലൊസ് ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടപ്പോൾ ലോകത്തോടും ക്രൂശിക്കപ്പെട്ടവനായി തീർന്നു (2:20). ലോകത്തിന് ഇനിയും തന്റെ മേൽ യാതൊരു അധികാരവും ഇല്ല. പരിച്ഛേദന തുടങ്ങിയ ആചാരാനുഷ്ഠാനങ്ങൾ ആരെയും രക്ഷിക്കുകയില്ല. ക്രിസ്തുവിൽ വിശ്വസിച്ചു പുതിയ സൃഷ്ടിയാകുന്നതിനാണ് പ്രാധാന്യം നൽകേണ്ടത് (2 കൊരി. 5:17). ന്യായപ്രമാണം അനുസരിച്ചു നീതി പ്രാപിക്കുവാൻ മനുഷ്യൻ പരാജയ

പ്പെട്ടു. അതുകൊണ്ടു ക്രിസ്തുവിന്റെ മരണപുനരുത്ഥാനം മൂലം രക്ഷാമാർഗ്ഗം ദൈവം ഒരുക്കി. അവനിൽ വിശ്വസിക്കുന്നവരാണ് യഥാർത്ഥ യിസ്രായേൽ. അവർക്കു ദൈവത്തിൽ നിന്നും സമാധാനവും കരുണയും ലഭിക്കും.

പൗലൊസ് ക്രിസ്തുവിന്റെ അടിമദാസനാണ്. അവന്റെ അപ്പൊസ്തലത്വത്തെയും സന്ദേശത്തെയും ചോദ്യം ചെയ്ത യെഹൂദമതാനുസാരികൾ ക്ക് തക്ക മറുപടി താൻ നൽകി. പൗലൊസ് സുവിശേഷത്തിനുവേണ്ടി സഹിച്ച ഉപദ്രവങ്ങൾ നിമിത്തം ശരീരത്തിൽ മുറിവുകളുടെ പാടുള്ളവനായിരുന്നു (2 കൊരി. 11:24-27). അതിനെ ക്ഷേത്രത്തിൽ വരുന്ന അടിമകൾക്കു ലഭിക്കുന്ന ദേഹത്തിലെ മുദ്രയോടു (ചൂടടയാളത്തോടു) തുലനം ചെയ്തിരിക്കുന്നു. താൻ ഇനിയും ക്രിസ്തുവിന്റെ വകയാണ്. അതുകൊണ്ട് ആർക്കും തന്നെ സംശയിക്കുവാനോ ആക്രമിക്കുവാനോ കഴിയുന്നതല്ല. ഗലാത്യയിലുള്ള വിശുദ്ധന്മാർക്ക് യേശുക്രിസ്തുവിന്റെ കൃപ ആശംസിച്ചുകൊണ്ട് ഈ ലേഖനം ഉപസംഹരിക്കുന്നത് ശ്രദ്ധേയമാണ്. ഈ പഠനം മൂലം ദൈവനാമം മഹത്വപ്പെടുമാറാകട്ടെ!

***